# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പനവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ റ്റി വി എം/667 ജി പി/6/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 31/03/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ റ്റി വി എം/667 ജി പി/6/2021 തീയ്യതി: 31/03/2021

## തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 08-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 46 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ | 08-03-2021 | 19-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-03-2021 | 19-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സിന്ധു.പി.എസ്,ഓഡിറ്റ് ഓഫീസർ
ശ്രീമതി.അസീന.എ.പി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സുരേഷ് ബാബു.ബി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ശാലിനി,.വി.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കിഷോർ. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| എസ്.വി | | | |
| ശ്രീ സന്തോഷ് കുമാർ. ജെ.എസ് | സെക്രട്ടറി | 01-04-2019 | 15-07-2019 |
| ശ്രീമതി ബെറ്റി ജെ ട്രീസ | സെക്രട്ടറി | 16-07-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഷൈസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ കീർത്തി എ ജെ | വെറ്ററിനറി സർജൻ | 01-04-2019 | 16-07-2020 |
| ഡോ അഖില | വെറ്ററിനറി സർജൻ | 17-07-2019 | 17-09-2019 |
| ഡോ രജിത് | വെറ്ററിനറി സർജൻ | 18-09-2019 | 12-01-2020 |
| ഡോ കീർത്തി എ ജെ | വെറ്ററിനറി സർജൻ | 13-01-2020 | 31-03-2020 |
| കുമാരി ശ്രീദേവി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ സോഫി ആർ ദാസ് | ഹോമിയോ ഡോക്ടർ | 01-04-2019 | 30-06-2019 |
| ഡോ മനു വർഗ്ഗീസ് | ഹോമിയോ ഡോക്ടർ | 01-07-2019 | 31-03-2020 |
| ഡോ പ്രീത | മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |
| അംബിക അന്തർജനം | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 23-12-2019 |
| വിജയകുമാരി | ഐ സി ഡി എസ് സൂപ്പർവൈസർ | 24-12-2019 | 31-01-2020 |
| അനുശ്രീ എ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-02-2020 | 31-03-2020 |
| പ്രേംകുമാർ വി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| അനിൽ ഡി ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-07-2019 |
| സുരേഷ് കെ ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-08-2019 | 31-03-2020 |
| സുലൈഖ | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് - നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Sindhu P.S (Audit Officer, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-1-1 |
| 2 | ബജറ്റിലെയും വാർഷികകണക്കുകളിലെയും വരവിനങ്ങളിലെ വ്യത്യാസം<br>Written By: Sindhu P.S (Audit Officer, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-1-2 |
| 3 | ബഡ്ജറ്റ് - ശുപാർശ മെഡിക്കൽ ഓഫീസർ പി.എച്ച്.സി സമർപ്പിച്ചിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-1-3 |
| 4 | വാർഷിക ധനകാര്യ പത്രിക<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-2 |
| 5 | എ.എഫ്.എസ്.പ്രകാരം വരവിനേക്കാൾ ചെലവ് കൂടി നിൽക്കുന്നു<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-2-1 |
| 6 | ഡി&ഒ ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്ത തുകയെക്കാൾ വരവ് വന്നിരിക്കുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-2-2 |
| 7 | തൊഴിൽനികുതി പിരിഞ്ഞുകിട്ടാൻ ബാക്കിയുള്ള തുകയെക്കുറിച്ച് വ്യക്തതയില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-2-3 |
| 8 | വസ്തുനികുതി പാർപ്പിടം-വാർഷിക ധനകാര്യ പത്രിക പ്രകാരവും സഞ്ചയപ്രകാരവും രേഖപ്പെടുത്തിയിരിക്കുന്ന കണക്കുകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-2-4 |
| 9 | വസ്തുനികുതി പാർപ്പിടഇതരം-വാർഷിക ധനകാര്യ പത്രിക പ്രകാരവും സഞ്ചയപ്രകാരവും രേഖപ്പെടുത്തിയിരിക്കുന്ന കണക്കുകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-2-5 |
| 10 | സാമ്പത്തിക വിശകലനം<br>Written By: Suresh Babu B (Senior Grade Auditor, On 28-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-3 |
| 11 | ഫണ്ട് വിനിയോഗം<br>Written By: Suresh Babu B (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-4 |
| 12 | ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രത്തിലെ തുകകൾ എ.എഫ്.എസ് ,എ.സി.ആർ എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Suresh Babu B (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-4-1 |
| 13 | B-4ഷെഡ്യൂളിൽ വിവിധ ഇനങ്ങളിൽ ചെലവഴിക്കാൻ തുക ബാക്കിനിൽക്കുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-4-2 |
| 14 | വനിതാഘടക പദ്ധതി തൻവർഷം വകയിരുത്തിയ തുകയിൽ | 1-4-3 |

| | | |
|---|---|---|
| | ചെലവ് നാമമാത്രം<br>Written By: Suresh Babu B (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | |
| 15 | പദ്ധതി അവലോകനം.<br>Written By: Suresh Babu B (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി<br>Written By: ASEENA.A.P (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-6 |
| 17 | ക്ഷേമപദ്ധതികൾ<br>Written By: Sindhu P.S (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-7 |
| 18 | ക്യാഷ് പരിശോധന<br>Written By: Shalini V K (Senior Grade Auditor, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-8 |
| 19 | ആഭ്യന്തരനിയന്ത്രണം<br>Written By: Sindhu P.S (Audit Officer, On 25-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-9 |
| 20 | ഗ്രാമസഭകൾ - ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നില്ല<br>Written By: Sindhu P.S (Audit Officer, On 25-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-10 |
| 21 | പദ്ധതി മോണിറ്ററിംഗ് നടക്കുന്നില്ല<br>Written By: Sindhu P.S (Audit Officer, On 25-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-11 |
| 22 | ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും മറ്റ് സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-12 |
| 23 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് -ലൈസൻസില്ലാതെ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-12(1) |
| 24 | ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-12(2) |
| 25 | ലൈസൻസ് ഫീസിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-12(3) |
| 26 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-12-4 |
| 27 | വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-13 |
| 28 | മേഖല അടിസ്ഥാനത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല<br>Written By: Shalini V K (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-13-1 |
| 29 | വസ്തു നികുതിയിൽ ചോർച്ചയുണ്ടാകുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതാണ്.<br>Written By: Shalini V K (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-13-2 |
| 30 | സേവന ഉപനികുതി<br>Written By: Shalini V K (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-13-3 |
| 31 | സമീപപ്രദേശത്തെ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല<br>Written By: Shalini V K (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-13-4 |
| 32 | വസ്തു നികുതി - റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ | 1-13-5 |

| | | |
|---|---|---|
| | സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു.<br>Written By: Shalini V K (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | |
| 33 | 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തെ ഒഴിവാക്കി<br>Written By: Shalini V K (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-13-6 |
| 34 | സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-13-7 |
| 35 | മുൻകാല പ്രാബല്യത്തിൽ നികുതി ഇളവ് അനുവദിച്ചു<br>Written By: Shalini V K (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-13-8 |
| 36 | വസ്തുനികുതിനിർണ്ണയം-കൃത്യത പരിശോധിക്കാനായിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-13-9 |
| 37 | വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കന്നതിൽ അപാകത<br>Written By: Shalini V K (Senior Grade Auditor, On 19-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-13-10 |
| 38 | തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകതക<br>Written By: Shalini V K (Senior Grade Auditor, On 19-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-14 |
| 39 | തൊഴിൽ നികുതി നോട്ടീസ് നൽകുന്നില്ല<br>Written By: Shalini V K (Senior Grade Auditor, On 19-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-14-1 |
| 40 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു<br>Written By: Shalini V K (Senior Grade Auditor, On 19-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-14-2 |
| 41 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Shalini V K (Senior Grade Auditor, On 19-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-14-3 |
| 42 | ബി.എസ്.എൻ.എൽ ഓഫീസിലെ സ്ഥാപനികുതി ഈടാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 19-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-14-4 |
| 43 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 19-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-14-5 |
| 44 | പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ-നടപടികൾസ്വീകരിച്ചിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 19-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-15 |
| 45 | ആസ്തികൾ കൃത്യമായി പരിപാലിക്കുന്നില്ല – രജിസ്റ്റർ കാലികമാക്കുന്നില്ല<br>Written By: Sindhu P.S (Audit Officer, On 25-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-16 |
| 46 | നെൽവയൽ തണ്ണീർത്തട ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിന് നമ്പർ അനുവദിച്ചു<br>Written By: Shalini V K (Senior Grade Auditor, On 19-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-17 |
| 47 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല<br>Written By: Sindhu P.S (Audit Officer, On 20-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-18 |
| 48 | എം ബുക്കിൽ തെറ്റായ അളവുകൾ രേഖപ്പെടുത്തി തുക അനുവദിച്ചു.<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-19 |
| 49 | വാറ്റ് ഇനത്തിൽ കുറവ് ചെയ്യേണ്ട തുക കുറവ് ചെയ്യാതെ തുക | 1-20 |

| | | |
|---|---|---|
| | അനുവദിച്ചതിലൂടെ കൺവീനർക്ക് അധിക ആനുകൂല്യം നല്കി-നഷ്ടം7812/-രൂപ<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | |
| 50 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നിർവഹിച്ചിരിക്കുന്നു.നിർദ്ദേശങ്ങൾക്ക് വിരുദ്ധം<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-21 |
| 51 | ഏറ്റെടുത്ത സ്പിൽ ഓവർപ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-22 |
| 52 | റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ പ്രവൃത്തി നിർവഹിച്ചു.ചെലവ് ചെയ്ത അധിക തുക 45756/-രൂപ ഈടാക്കേണ്ടതാണ്.<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-23 |
| 53 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിലെ കാലതാമസം-നിയമാനുസൃത പിഴ ഈടാക്കുന്നില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 20-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-24 |
| 54 | ആർദ്രം- കെട്ടിട വിപുലീകരണത്തിനുള്ള തുക ഏജൻസിക്ക് കൈമാറൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-25 |
| 55 | വയോഗ്രാമം-പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-26 |
| 56 | വയോസൗഹൃദ ഗ്രാമം<br>Written By: Shalini V K (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-26-1 |
| 57 | വയോസൗഹൃദഗ്രാമം- മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-26-2 |
| 58 | മത്സ്യകൃഷി - ആനുകൂല്യം നൽകിയിട്ടില്ല. പദ്ധതിയിനത്തിൽ ചെലവായ 40000/-രൂപ നിരാകരിക്കുന്നു.<br>Written By: ASEENA.A.P (Senior Grade Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-27 |
| 59 | പട്ടിക വർഗ്ഗവിഭാഗങ്ങൾക്ക് മെഡിക്കൽ ക്യാമ്പ്<br>Written By: Shalini V K (Senior Grade Auditor, On 20-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-28 |
| 60 | പട്ടിക വർഗ്ഗവിഭാഗങ്ങൾക്ക് മെഡിക്കൽ ക്യാമ്പ്-അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 20-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-28-1 |
| 61 | പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് മെഡിക്കൽ ക്യാമ്പ്- മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-28-2 |
| 62 | സാധനങ്ങളുടെ സ്റ്റോക്ക്- വിതരണ രേഖകൾ ആധികാരികമല്ല.<br>Written By: ASEENA.A.P (Senior Grade Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-29 |
| 63 | 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പരിശോധന.<br>Written By: ASEENA.A.P (Senior Grade Auditor, On 21-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-30 |
| 64 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല<br>Written By: Shalini V K (Senior Grade Auditor, On 20-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-31 |
| 65 | പാലിയേറ്റീവ് പരിചരണ പദ്ധതി-ചെലവിൽ വ്യക്തതയില്ല<br>Written By: Shalini V K (Senior Grade Auditor, On 20-03-2021) | 1-32 |

| | | |
|---|---|---|
| | Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | |
| 66 | പ്രൊക്യൂർമെന്റ് കമ്മിറ്റി - പ്രവർത്തനത്തിലെ അപാകതകൾ<br>Written By: Sindhu P.S (Audit Officer, On 20-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-33 |
| 67 | കാർഷിക മേഖലയിലെ പദ്ധതി നിർവ്വഹണം- അംഗീകൃത ഗുണഭോകതൃ ലിസ്റ്റ് നിലനിൽക്കെ പുതിയ ലിസ്റ്റ് ഉണ്ടാക്കുന്നു - ഗുണഭോകതൃ തെരഞ്ഞെടുപ്പ് സുതാര്യമല്ല.<br>Written By: ASEENA.A.P (Senior Grade Auditor, On 21-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-34 |
| 68 | CPRCS പോർട്ടൽ വഴി വാങ്ങൽ- പ്രിന്റർ ലഭ്യമായിട്ടില്ല-16736/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: ASEENA.A.P (Senior Grade Auditor, On 14-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-35 |
| 69 | ക്രമപ്രകാരമല്ലാതെ സ്വകാര്യസ്ഥാപനത്തിനനുവദിച്ച ധനസഹായം - 7800/- രൂ നിരാകരിക്കുന്നു<br>Written By: Sindhu P.S (Audit Officer, On 25-03-2021)<br>Last Updated By: ASEENA.A.P (Senior Grade Auditor, On 31-03-2021) | 1-36 |
| 70 | പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ തെരുവ് വിളക്കുകളുടെ പരിപാലനം നടക്കുന്നില്ല.<br>Written By: ASEENA.A.P (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-37 |
| 71 | സമഗ്ര കന്ന്കുട്ടി പരിപാലനപദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല- 325000/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: ASEENA.A.P (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-38 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ക്രമപ്രകാരമല്ലാതെ സ്വകാര്യസ്ഥാപനത്തിനനുവദിച്ച ധനസഹായം - 7800/- രൂ നിരാകരിക്കുന്നു<br>Written By: Sindhu P.S (Audit Officer, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 3-1 |
| 2 | മത്സ്യകൃഷി - ആനുകൂല്യം നൽകിയതായ തെറ്റായ ചെലവ് രേഖകളുണ്ടാക്കി- ആനുകൂല്യം നൽകിയിട്ടില്ല- 40000/-രൂപ നിരാകരിക്കുന്നു.<br>Written By: ASEENA.A.P (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 3-2 |
| 3 | എം ബുക്കിൽ തെറ്റായ അളവുകൾ രേഖപ്പെടുത്തി തുക അനുവദിച്ചു.നഷ്ടം-49779/-<br>Written By: Suresh Babu B (Senior Grade Auditor, On 27-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 3-3 |
| 4 | വാറ്റ് ഇനത്തിൽ കുറവ് ചെയ്യേണ്ട തുക കുറവ് ചെയ്യാതെ തുക അനുവദിച്ചതിലൂടെ കൺവീനർക്ക് അധിക ആനുകൂല്യം നല്കി-നഷ്ടം7812/-രൂ<br>Written By: Suresh Babu B (Senior Grade Auditor, On 27-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 3-4 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sindhu P.S (Audit Officer, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sindhu P.S (Audit Officer, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)<br>Written By: Sindhu P.S (Audit Officer, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-3 |

| | | |
|---|---|---|
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Sindhu P.S (Audit Officer, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sindhu P.S (Audit Officer, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sindhu P.S (Audit Officer, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sindhu P.S (Audit Officer, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sindhu P.S (Audit Officer, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sindhu P.S (Audit Officer, On 28-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-9 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1-1 ബജറ്റ് - നടപടിക്രമങ്ങൾ പാലിച്ചില്ല

സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി വികസനപദ്ധതികളുടേതുൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജന. 15ന മുമ്പായി സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ എല്ലാ നിർവ്വഹണോദ്യോഗസ്ഥരും സ്റ്റാൻഡിംഗ് കമ്മിറ്റികളും ഈ നിർദ്ദേശം പാലിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് 214-ാം വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും യഥാർത്ഥ വരവുചെലവുകൾക്കനുസരിച്ച് ബജറ്റ് പുതുക്കുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേകശ്രദ്ധ ഉണ്ടാകേണ്ടതാണ്.

### 1-1-2 ബജറ്റിലെയും വാർഷികകണക്കുകളിലെയും വരവിനങ്ങളിലെ വ്യത്യാസം

2019-20ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവിനങ്ങളുടെ ബജറ്റ് പ്രകാരവും വാർഷികകണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിതവരവ് | യഥാർത്ഥ വരവ് | വ്യത്യാസം |
|---|---|---|---|---|
| 1 | തൊഴിൽനികുതി | 1550000 | 619080 | 930920 |
| 2 | വാടക | 150000 | 62780 | 87220 |
| 3 | ഫീ/യൂസർ ചാർജ്ജ് | 1068000 | 517087 | 550913 |
| 4 | Sale And Hire Charges | 850000 | 440940 | 409060 |

പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷികകണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചുമാണ് ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥകണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് പഞ്ചായത്തിന്റെ ധനകാര്യമാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും.

### 1-1-3 ബഡ്ജറ്റ് - ശുപാർശ മെഡിക്കൽ ഓഫീസർ പി.എച്ച്.സി സമർപ്പിച്ചിട്ടില്ല

2019-20 വർഷത്തെ ബഡ്ജറ്റ്ഫയൽ പരിശോധിച്ചതിൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി ബജറ്റ് ശുപാർശകളൊന്നും തന്നെ സമർപ്പിച്ചതായി കാണുന്നില്ല. ഇത് ബഡ്ജറ്റ് മാന്വൽ ഖണ്ഡിക2.3ന് വിരുദ്ധമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 2 ന് മെഡിക്കൽ ഓഫീസർ ശുപാർശ സമർപ്പിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ലഭ്യമാക്കിയ ബജറ്റ് ഫയലിൽ മെഡിക്കൽ ഓഫീസറുടെ അത്തരം ശുപാർശകളൊന്നും ലഭ്യമല്ല. ബജറ്റ് മാന്വലിന് അനുസൃതമായി യഥാസമയം ബഡ്ജറ്റ് ശുപാർശകൾ സമർപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിക്കേണ്ട തീയതി വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 30.07.2020 | | | |

വാർഷിക ധനകാര്യപത്രിക പരിശോധനയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-2-1 എ.എഫ്.എസ്.പ്രകാരം വരവിനേക്കാൾ ചെലവ് കൂടി നിൽക്കുന്നു

ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ ഷെഡ്യൂളിൽ ആകെ വരവിനെക്കാൾ ചെലവ് കൂടി നിൽക്കുന്നു. തൻവർഷത്തെ ആകെ ഇൻകം 136664536/-രൂപയും എക്സ്പെൻഡിച്ചർ 138365203/- രൂപയും ആണ്. സ്ഥാപനം തൻവർഷം 1700667/-രൂപ Deficit ആയി കാണുന്നു.

### 1-2-2 ഡി&ഒ ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്ത തുകയെക്കാൾ വരവ് വന്നിരിക്കുന്നു.

തൻവർഷ ഡി&ഒ ലൈസൻസ് ഫീസ് 162150/-രൂപ ഡിമാന്റ് ചെയ്തിരിക്കുന്നു. എന്നാൽ മുൻവർഷ ലഭിച്ച അഡ്വാൻസുൾപ്പെടെ തൻവർഷം 163750/-രൂപ വരവുണ്ട്. ഡിമാന്റ് ചെയ്ത തുകയെക്കാൾ 1600/-രൂപ അധികം വരവ് കാണുന്നു.

### 1-2-3 തൊഴിൽനികുതി പിരിഞ്ഞുകിട്ടാൻ ബാക്കിയുള്ള തുകയെക്കുറിച്ച് വ്യക്തതയില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതി-എംപ്ലോയീസ് ഇനത്തിൽ 619080/- രൂപ ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ 588580/- രൂപ മാത്രമെ ഈയിനത്തിൽ വരവുള്ളൂ. പിരിഞ്ഞുകിട്ടാൻ ബാക്കിയുള്ള 30500/- തുകയെക്കുറിച്ച് വ്യക്തതയില്ല.

### 1-2-4 വസ്തുനികുതി പാർപ്പിടം-വാർഷിക ധനകാര്യ പത്രിക പ്രകാരവും സഞ്ചയപ്രകാരവും രേഖപ്പെടുത്തിയിരിക്കുന്ന കണക്കുകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതിയുടെ (പാർപ്പിടം)ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ജയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

| ഇനം | എ.എഫ്.എസ്/ സഞ്ചയ | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| വസ്തു നികുതി-പാർപ്പിടം(തൻവർഷം) | എ.എഫ്.എസ് | 1141251 | 1028082 | 110495 |
| | സഞ്ചയ | 1199650 | 1080571 | 110621 |
| വസ്തു നികുതി-പാർപ്പിടം(കുടിശ്ശിക) | എ.എഫ്.എസ് | 75748 | 45771 | 16003 |
| | സഞ്ചയ | 64114 | 48091 | 16023 |

### 1-2-5 വസ്തുനികുതി പാർപ്പിടഇതരം-വാർഷിക ധനകാര്യ പത്രിക പ്രകാരവും സഞ്ചയപ്രകാരവും രേഖപ്പെടുത്തിയിരിക്കുന്ന കണക്കുകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതിയുടെ (പാർപ്പിടഇതരം ) ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ജയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

| ഇനം | എ.എഫ്.എസ്/ സഞ്ചയ | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| വസ്തു നികുതി-പാർപ്പിട-ഇതരം (തൻവർഷം) | എ.എഫ്.എസ് | 1418731 | 1272363 | 119279 |
| | സഞ്ചയ | 1490133 | 1342947 | 119321 |
| വസ്തു നികുതി-പാർപ്പിടം ഇതരം (കുടിശ്ശിക) | എ.എഫ്.എസ് | 75748 | 45771 | 16003 |
| | സഞ്ചയ | 90713 | 33680 | 57033 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5859074 |
| ഓഡിറ്റ് വർഷത്തെ വരവ് | 97802606 |
| ആകെ | 103661680 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 95942761 |
| നീക്കിയിരിപ്പ് | 7718919 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിലെ ഗ്രാന്റ് വിനിയോഗ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 16493000 | 16493000 | 9356379 | 7136621 |
| വികസനഫണ്ട്-എസ്.സി.പി | 0 | 5127000 | 5127000 | 2258575 | 2868425 |
| വികസനഫണ്ട്-ടി.എസ്.പി | 0 | 1486000 | 1486000 | 99500 | 1386500 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10949000 | 10949000 | 5523441 | 5425559 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 18404000 | 18404000 | 4421113 | 13982887 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 4718000 | 4718000 | 2958414 | 1759586 |

മറ്റ് ഗ്രാന്റുകൾ ഇനം തിരിച്ച്

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ടി.എസ്സ്.സി | 1313572 | 0 | 1313572 | 125000 | 1188572 |
| വിമുക്തി | 22500 | 0 | 22500 | 0 | 22500 |
| ബ്ലോക്ക് വിഹിതം | 859916 | 4695245 | 5555161 | 5425834 | 129327 |
| ജില്ലാ വിഹിതം | 87662 | 5136413 | 5224075 | 5224075 | 0 |
| എം.എൻ.ആർ.ജി.എ | 3466 | 42667848 | 42671314 | 41967019 | 704295 |
| ഐ.സി.ഡി.എസ്സ്. | 56858 | 789586 | 846444 | 746613 | 99831 |

## 1-4-1 ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രത്തിലെ തുകകൾ എ.എഫ്.എസ് ,എ.സി.ആർ എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

1.ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരം വികസനഫണ്ട് ജനറൽ വരവ് 11922965/-രൂപയും ചെലവ് 13926414/-രൂപയും നീക്കിയിരിപ്പ് 2003439/- രൂപയും ആണ്.

2.ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരം വികസനഫണ്ട് എസ്.സി.പി വരവ് 4847588/-രൂപയും ചെലവ് 2537987/-രൂപയും നീക്കിയിരിപ്പ് 2309601/- രൂപയും ആണ്.

3.ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വരവ് വരവ് 5477200/-രൂപയും ചെലവ് 5523441/-രൂപയും നീക്കിയിരിപ്പ് 46241/-രൂപയും ആണ്.

## 1-4-2 B-4ഷെഡ്യൂളിൽ വിവിധ ഇനങ്ങളിൽ ചെലവഴിക്കാൻ തുക ബാക്കിനിൽക്കുന്നു.

വാർഷിക ധനകാര്യ പത്രിക പ്രകാരം മുൻവർഷങ്ങളിൽ വിവിധ ഏജൻസികളിൽ നിന്നും വിവധ ആവശ്യങ്ങൾക്കായി ലഭിച്ച തുകകൾ ഇപ്പോഴും B-4ഷെഡ്യൂളിൽ ചെലവവഴിക്കാൻ ബാക്കിയുള്ളതായി കാണുന്നു.

| ഹെഡ് | തുക |
|---|---|
| 320100299 | 12000 |
| 320200322 | 1188572 |
| 320700104 | 4391 |
| 320700204 | 124936 |
| 320200399 | 22500 |

ഈ ഇനങ്ങൾക്ക് പ്രത്യേക എ.സി.ആർ.തയ്യാറാക്കിയിട്ടില്ല. ചെലവഴിക്കാൻ ബാക്കിനിൽക്കുന്ന തുക നൽകിയ ഏജൻസികൾക്ക് തിരികെ നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4-3 വനിതാഘടക പദ്ധതി തൻവർഷം വകയിരുത്തിയ തുകയിൽ ചെലവ് നാമമാത്രം

സർക്കാർ ഉത്തരവ് (കൈ)നം 11/2018 ത.സ്വ.ഭ.വ.തീയതി.29.01.2018. ഖണ്ഡിക 5.4 പ്രകാരം വികസനഫണ്ടിന്റെ മേഖലാ വകയിരുത്തലുകളും പ്രത്യക പദ്ധതികളുടെ വിഹിതം നിശ്ചയിക്കലിന്റെയും നിർദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. സൂചിപ്പിച്ച ഉത്തരവ് ഖണ്ഡിക 5.4.1(10) പ്രകാരം പൊതുവിഭാഗം സാധാരണ വിഹിതം, പ്രത്യേക ഘടക പദ്ധതി, പട്ടിക വർഗ ഉപപദ്ധതി എന്നീ വിഹിതങ്ങളുടെ ആകെ തുകയുടെ 10% കുറയാതെയുള്ള തുക വനിതാഘടക പദ്ധതിക്ക് വകയിരുത്തണം. 3024360/-രൂപാ വകയിരുത്തിയ ഈ മേഖലയിലെ ചെലവ് വെറും 24000/-രൂപ (0.79%) മാത്രമാണ്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 213 | 186756993 | 103 | 75107766 | 26 | 104 | 72 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 3466 | 2507407 | 2510873 | 1806578 | 704295 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 40160441 | 40160441 | 40160441 | 0 |
| ആകെ | 3466 | 42667848 | 42671314 | 41967019 | 704295 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 231120 | 321 |
| കർഷകതൊഴിലാളി പെൻഷൻ | 2244600 | 632 |
| വിധവാ പെൻഷൻ | 4180800 | 1179 |
| വാർദ്ധക്യകാലപെൻഷൻ | 5357100 | 1525 |
| വികലാംഗ പെൻഷൻ | 1022700 | 285 |
| വിവാഹധനസഹായം | 60000 | 2 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ളപെൻഷൻ | 93600 | 26 |

## 1-8 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4):ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24,879/- രൂ പയുടെ ബാലൻസ് ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ക്രമീകരണത്തിനുവേണ്ടി ഓഫീസ് ഉത്തരവ് തയ്യാറാക്കി ജീവനക്കാരുടെ ജോലിവിഭജനം നിർവ്വഹിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.

നികുതി/നികുതിയേതര വരിമാനങ്ങൾ വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിക്ക് അത്യാവശ്യമാണ്. ട്രേഡേഴ്സ് രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. വരവുചെലവു കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല. പുതിയ നികുതി നിർദ്ദേശങ്ങളൊന്നും ധകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉയർന്നുവന്നിട്ടില്ല.

പഞ്ചായത്തിൽ ഒരു പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ചുമതലകളൊന്നും നിർവ്വഹിക്കപ്പെടുന്നില്ല. സാധനങ്ങൾ വാങ്ങുന്ന ചുമതല മുഴുവനായും അതാത്ു നിർവ്വഹണോദ്യോഗസ്ഥരെ ഏല്പിക്കുകയാണ് ചെയ്യുന്നത്.

വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനവും കാര്യക്ഷമമല്ല. പദ്ധതി രൂപികരണത്തിലേ നിർവ്വഹണത്തിലോ വർക്കിംഗ് ഗ്രൂപ്പുകൾ ഒരു പങ്കും വഹിക്കുന്നില്ല. പദ്ധതികളുടെ മോണിറ്ററിംഗ് 2019-20 വർഷത്തിൽ നടത്തിയിട്ടില്ല. സ്പിൽഓവർ പദ്ധതികൾ പോലും പൂർണ്ണമായി നടപ്പാക്കിയിട്ടില്ല.

വിവിധ ഫണ്ടുകളുടെ വിന്യാസം, ലഭ്യത എന്നിവ കണക്കിലെടുത്തുകൊണ്ട് പദ്ധതി രൂപീകരണത്തിൽ ഭരണ-ഉദ്യോഗസ്ഥതലങ്ങളിൽ കൂടുതൽ ശ്രദ്ധ നൽകേണ്ടതുണ്ട്.

V

## 1-10 ഗ്രാമസഭകൾ - ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3(3)ലെ നിർദ്ദേശപ്രകാരം ഗ്രാമസഭകൾ മൂന്നു മാസത്തിലൊരിക്കലെങ്കിലും കൂടേണ്ടതാണ്. എന്നാൽ പനവൂർ പഞ്ചായത്തിലെ മിക്ക ഗ്രാമസഭകളും വിവിധ

പദ്ധതികളുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാൻ വേണ്ടി മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുന്ന എന്നതല്ലാതെ ഗ്രാമസഭകൾ പദ്ധതിപ്രവർത്തനങ്ങളിലോ ഭരണനിർവ്വഹണത്തിലോ കാര്യമായ ഒരു പങ്കം വഹിക്കുന്നില്ല. വികസനപ്രവർത്തനങ്ങളുടെ ആസൂത്രണമോ അവയുടെ നിർവ്വഹണം സംബന്ധിച്ച അവലോകനമോ ഉണ്ടാകുന്നില്ല. പരിസ്ഥിതി സംരക്ഷണം, മലിനീകരണനിയന്ത്രണം എന്നിവയ്ക്ക് വേണ്ടിയുള്ള നൂതന ആശയങ്ങൾ ഒന്നും ഗ്രാമസഭകളിൽ ഉരുത്തിരിയുന്നില്ല. ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭകളിൽ ചർച്ച ചെയ്യേണ്ടതാണെന്ന വ്യവസ്ഥയും പാലിക്കപ്പെടുന്നില്ല.

ഗ്രാമസഭകൾ അവയിൽ നിക്ഷിപ്തമായ ചുമതലകൾ ആവശ്യമായ ജനപങ്കാളിത്തത്തോടെ നിർവ്വഹിക്കുന്ന എന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

## 1-11 പദ്ധതി മോണിറ്ററിംഗ് നടക്കുന്നില്ല

സ.ഉ(കൈ) നം 11/2018/ത.സ്വ.ഭ.വ തീ 29.01.18 ഖണ്ഡിക 13.1ലെ നിർദ്ദേശപ്രകാരം പദ്ധതിരൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി രൂപപ്പെട്ട് പദ്ധതികളുടെ മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് ഭരണസമിതിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ ബന്ധപ്പെട്ട മിനട്സ് പരിശോധനയിൽ പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ ഇക്കാര്യത്തിൽ വേണ്ട ശ്രദ്ധ ചെലുത്തിയിട്ടില്ലെന്ന കാണുന്നു. ഒരു മോണിറ്ററിംഗ് സമിതി പോലും ഓഡിറ്റ് കാലയളവിൽ രൂപീകരിച്ചിട്ടില്ല. പദ്ധതിപ്പണം മുഴുവനായും ചെലവഴിച്ചിട്ടും ഒരു ഗുണഭോക്താവിനു പോലും ആനുകൂല്യം ലഭിക്കാത്ത അവസ്ഥയും നിലവിലുണ്ട് (ഖ 3-3 കാണുക)

## 1-12 ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും മറ്റ് സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും മറ്റ് സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകലിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

## 1-12(1) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് -ലൈസൻസില്ലാതെ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ലഭ്യമാക്കിയ FTEAOS രജിസ്റ്റർ പ്രകാരം 2018-19 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ള 1 മുതൽ 50 വരെയുള്ള രേഖപ്പെടുത്തലുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2019-20 വർഷം ലൈസൻസ് പുതുക്കിയതായി കാണുന്നില്ല.

| ക്രമ നം | വാർഡ്/കെട്ടിട നം | ഉടമയുടെ പേര് | വ്യാപാര സ്ഥാപനം |
|---|---|---|---|
| 1 | 11/196 | എസ്.തമ്പി | ശിവശക്തി |
| 2 | 16/853 | സുരേഷ് കുമാർ, സുമിത്ത് ഭവൻ | സ്മാർട്ട് എഞ്ചിനീയറിംഗ് വർക്സ് |
| 3 | 15/710 | ജനീഷ്. എസ് പുലിക്കുഴി വീട് | മലഞ്ചരക്ക് കട |
| 4 | 5/342 | രാജശേഖരൻനായർ, രാജ്ഭവൻ | രാജ് റെസ്റ്റോറന്റ് |
| 5 | 15/277 | സുനീർ. എ, സുനി മൻസിൽ | ഡെയ് ലി ഫ്രഷ് സ്റ്റോർ |
| 6 | 17/466 | നിയസജീർ, സജീന മൻസിൽ | എസ്.എൻ ലക്കി സെന്റർ |
| 7 | 10/518 | സുധീർ. എൻ, വിവേകാനന്ദ ലെയിൻ | എം.എസ് മലഞ്ചരക്ക് കട |
| 8 | 8/39 | സന്ദീപ് കുമാർ, എസ്, ഗുരുകൃപ | എസ്.എം.എസ് റബ്ബർവ്യാപാരം |
| 9 | 16/425 | നിഷ. സി നന്ദനാലയം | സഖി ലേഡീസ് തയ്യൽക്കട |
| 10 | 6/309എ | അഞ്ജലി, സന്തോഷ് ഭവൻ | കുഞ്ഞൂസ് ബേക്കറി |
| 11 | 1/543 | അജികുമാർ. പി.എസ് | അജി സ്റ്റോഴ്സ് |
| 12 | 6/232മുതൽ | മറിയജേക്കബ് | ആയുർവേദ ക്ലിനിക്ക് |

| | | | |
|---|---|---|---|
| | 242 വരെ | | |
| 13 | 16/18 | ദീപ.വി, കരിമ്പാടി പുത്തൻ വീട് | നന്ദനാബേക്കറി |
| 14 | 10/549 | മണികണ്ഠൻപിള്ള | പുളിമൂട്ടിൽ റബ്ബർക്കട |
| 15 | 17/512 | റോയി. എൽ. ജോസഫ് | ധനലക്ഷ്മി മെഡിക്കൽസ് |
| 16 | 6/90 | അബ്ദുൾ റഷീദ് | പലചരക്ക് കട |
| 17 | 1/438 | കെ. ശശിധരൻ | ശാസ്താസ്റ്റോർ, പലചരക്ക് കട |
| 18 | 10/527 | രവീന്ദ്രൻ നായർ | മൂകാംബിക ബേക്കറി |
| 19 | 13/594 | എബ്രഹാം വർഗ്ഗീസ് | ചിറമേൽ റബ്ബേഴ്സ് |
| 20 | 16/320,300എ | തുളസീധരൻ, മുസാവരി ഹൗസ് ഹോസ്പിറ്റൽ | എൻ.എസ് ഹോട്ടൽ |
| 21 | 1/364,365 | അഷ്റഫ് ഖാൻ | പ്രൊവിഷണൽ സ്റ്റോർ |
| 22 | 2/529 | നസീഹബീവി | ബിസ്മി ഫാൻസി&ഫുട് വെയർ |
| 23 | 15/285 | എസ്.വി. ചെല്ലപ്പ | തിരുപ്പതി പലചരക്ക് കട |
| 24 | 16/422 | ഡോ. അനിൽകുമാർ | ആമ്പാടി ആയുർവേദ ആശുപത്രി |

<u>1-12(2) ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല</u>

ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റിലെ 1,15 എന്നീ രണ്ടു വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമയുടെ പേര് | സ്ഥാപനം |
|---|---|---|---|
| 1 | 1/595എ | സൊറാബ് ജാൻസെയ്ദ് | ബയോഫാം |
| 2 | 1/45ബി | കെ. ശശിധരൻ | ശാസ്താസ്റ്റോർ |
| 3 | 1/364,365 | അഷ്റഫ് ഖാൻ | എ.ബി പ്രൊവിഷണൽ സ്റ്റോർ |
| 4 | 1/190 | ലൈജുമോഹൻ | ഗാലക്സി പ്രൊഫഷണൽ സൗണ്ട് സിസ്റ്റം |
| 5 | 1/723 | വിജയമ്മ.എ | കോഴിഫാം |
| 6 | 1/473 | അസിസ്റ്റന്റ്ഡയറക്ടർ, ജേഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ | ഗ്രീൻമിൽക്ക് |
| 7 | 1/718 | ബിന്ദുലേഖ | വർണ്ണം ഫാൻസി |
| 8 | 1/713 | സലാഹുദ്ദീൻ, | റബ്ബർഷീറ്റ് വ്യാപാരം |
| 9 | 15/891-1 | ഡോ. അരവിന്ദ്. യു.കെ | ഡോ.അരവിന്ദ് ദന്തൽ ക്ലിനിക്ക് |
| 10 | 15/285 | എസ്.പി. ചെല്ലപ്പ | തിരുപ്പതി സ്റ്റോഴ്സ് |
| 11 | 15/299 | ഗോപകുമാർ | റബ്ബർക്കട |
| 12 | 15/827,828 | ഇ.എം. നസീർ | നാസ് ഗ്രൂപ്പ് ഹാർഡ് വെയർ |
| 13 | 15/280 | പി.എൽ. ജയശങ്കർ | അനന്തപുരി ഫാഷൻ ജുവലറി |
| 14 | 15/409 | സിജു.എസ് | കൃഷ്ണ കാറ്ററിംഗ്&ഫുഡ് |

| | | | |
|---|---|---|---|
| | | | പ്രോഡക്ട്സ് |
| 15 | 15/912 | റിയാസ് ഖാൻ | ഹോട്ടൽ ഊട്ടുപുര |
| 16 | 15/281 | എസ്. മോഹനചന്ദ്രൻ | ദേവി പൂക്കട |
| 17 | 15/379 | ആർ. ശ്രീകണ്ഠൻ | എസ്. ആർ ഫ്ലവർആന്റ് ഓയിൽ മിൽ |
| 18 | 15/67 | അനിൽകുമാർ | സ്റ്റേഷനറി സ്റ്റോർ |
| 19 | 15/372 | രാധ | ദേവി സ്റ്റോർ |
| 20 | 15/376 | പുരുഷോത്തമൻനായർ | ആരതി സ്റ്റോർ |
| 21 | 15/891 എഫ് | ഷാജി. എസ് | എസ്.എസ് പൂക്കട |
| 22 | 15/279 | വിമലകുമാരി | ഉണക്കമീൻ കച്ചവടം |
| 23 | 15/868 | നസീമാബീഗം | ബിസ്മില്ലാ ഹലാൽ ചിക്കൻ |
| 24 | 15/899,900 | ഷാജിമോൻ | എ-മാർട്ട് |
| 25 | 15/701,702,703 | രാജേന്ദ്രൻപിള്ള | അയൺലെയ്ത്ത് വർക്സ് |
| 26 | 15/740 | റോയ് ടൈറ്റസ് | മാതാ ഫോട്ടോസ്റ്റാറ്റ്& റീചാർജ്ജ് കൂപ്പൺ |
| 27 | 15/312 | രാമചന്ദ്രൻ | രാമചന്ദ്ര ജ്വവലറി വർക്സ് |
| 28 | 15/547 | സരസ്വതി അമ്മ | മലഞ്ചരക്ക് വ്യാപാരം |
| 29 | 15/323 | വിജയൻ | തുളസി സ്റ്റോർ |
| 30 | 15/311 | ജയശങ്കർ. എസ് | റെഡിമെയ്ഡ്ഗാർമെന്റ്സ് സ്റ്റിച്ചിംഗ് സെന്റർ |
| 31 | 15/740 | എസ്.ജയകുമാർ | ഡീലക്സ് ഫുഡ് വെയർ |
| 32 | 15/231 | മൈതീൻകുട്ടി | ബൈക്ക് സ്പെയർ പാർട്സ് |
| 33 | 15/806 | സന്തോഷ് കുമാർ. എൻ | രാജേഷ് ഇലക്ട്രിക്കൽസ് |
| 34 | 15/305 | ഹരിരാജൻ | ടെക്സ്റ്റൈയിൽസ് |
| 35 | 15/727 | നസീർ. എസ് | ഷാന, ഷാലു വെജിറ്റബിൾസ് |
| 36 | 15/754 | മോഹൻകുമാർ | കൊച്ചുകരിക്കകത്തിൽ റബ്ബേഴ്സ് |

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടം സെക്ഷൻ 232(1) പ്രകാരം സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമായല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല.

## 1-12(3) ലൈസൻസ് ഫീസിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഓ(പി).നം.80/2017/ ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം ,ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 16 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കും പ്രകാരം ലൈസൻസ് കൂടാതെ യാതൊരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

### 1-12-4 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-13 വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

വസ്തു നികുതി പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

### 1-13-1 മേഖല അടിസ്ഥാനത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

### 1-13-2 വസ്തു നികുതിയിൽ ചോർച്ചയുണ്ടാകുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും മറ്റ് സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ രജിസ്റ്റർപ്രകാരം 265/Xi കെട്ടിടത്തിൽ മാവേലിസ്റ്റോർ പ്രവർത്തിപ്പിക്കുന്നതിനായി ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരം പ്രസ്തുതനമ്പരിലുള്ള കെട്ടിടത്തിന് പാർപ്പിടാവശ്യത്തിനായാണ് വസ്തു നികുതി കണക്കാക്കിയിരിക്കുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 27 ന് മാവേലി സ്റ്റോർ പ്രവർത്തിക്കുന്നത് PPXI 267, 268 എന്നീ കടമുറികളിലാണെന്നും PPXI 265 പാർപ്പിടാവശ്യത്തിനായാണ് ഉപയോഗിക്കുന്നതെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ ലൈസൻസിനുള്ള അപേക്ഷയിലും രജിസ്റ്ററിലും PPXI 267, 266 ,265 എന്നീ കെട്ടിടങ്ങളിലായാണ് മാവേലി സ്റ്റോർ പ്രവർത്തിക്കുന്നതെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ലൈസൻസിനായി ലഭിച്ച അപേക്ഷയും ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയുമായി പൊരുത്തപ്പെടാത്ത സാഹചര്യത്തിൽ PPXI 265 നമ്പരിലുള്ള കെട്ടിടം പാർപ്പിടാവശ്യത്തിനു തന്നെയാണൊ ഉപയുകതമാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

### 1-13-3 സേവന ഉപനികുതി

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയുംസേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം26,27 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതിചുമത്താവുന്നതാണ്.
ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 23 ന് നാളിതു വരെ സേവന ഉപനികുതികളൊന്നും തന്നെ ഈടാക്കിയിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വരുമാന വർദ്ധനവിലുപരിയായി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാൻ സേവന ഉപനികുതി ചുമത്തുന്നതിലൂടെ സാധിക്കുന്നതാണ്. പഞ്ചായത്ത് ഭരണസമിതിയ്ക്ക് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കാവുന്നതാണ്.

### 1-13-4 സമീപപ്രദേശത്തെ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല

ഗ്രാമപഞ്ചായത്തിലെ സമീപപ്രദേശത്തെ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നൽകി സഞ്ചയ പ്രകാരം വസ്തു നികുതി ഈടാക്കുന്നു.ഉദാഹരണമായി

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | മേഖല |
|---|---|---|---|---|
| 1 | 7/32 | സന്ദീപ്. പി, സാന്ദ്രാലയം | കൊച്ചുമുക്ക്, കോതകുളങ്ങര | പ്രഥമം |
| | 7/32A | | കൊച്ചുമുക്ക്, കോതകുളങ്ങര | ദ്വിതീയം |
| 2 | 7/49 | അൻസറുദ്ദീൻ, അജ്മൽ | കൊച്ചുമുക്ക്, | പ്രഥമം |

| | | | | |
|---|---|---|---|---|
| | | മൻസിൽ | കോതകുളങ്ങര | |
| | 7/49A | | കൊച്ചുമുക്ക്, കോതകുളങ്ങര | ദ്വിതീയം |
| 3 | 7/94 | ഷീല. എച്ച്, ഷാല്യ നിവാസ് | ആട്ടുകാൽ, കുഴിനട, നെടുമ്പ | ദ്വിതീയം |
| | 7/94A | | ആട്ടുകാൽ, കുഴിനട, നെടുമ്പ | |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 17 ന് ബന്ധപ്പെട്ട ഫയൽ പരിശോധിച്ച്മേഖല സംബന്ധിച്ച അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13-5 വസ്തു നികുതി - റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു.

2019-20 വർഷം സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| വാർഡ്/ കെട്ടിട.നം | പേര് | റദ്ദാക്കിയ സാംഖ്യ രസീത് നം/തീ | കാലയളവ് |
|---|---|---|---|
| 3/541 A | മൻമഥൻ നായർ | 119100102933/11.02.2020 | 2019-20ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.17ന് ലഭിച്ച മറുപടിയിൽ പ്രസ്തുത രസീത് പ്രകാരമുള്ള തുക സഞ്ചയയിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. . റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും യഥാസമയം നീക്കംചെയ്യാത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ വസ്തു നികുതി പിരിവ് ഇനത്തിൽ വർദ്ധിച്ച വരവാണ് സഞ്ചയയിൽ കാണപ്പെടുന്നത്.. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-13-6 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തെ ഒഴിവാക്കി

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കാണ് നികുതി ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കി നൽകിയിട്ടുണ്ട്.ഉദാഹരണമായി

| വാർഡ്/ കെട്ടിട.നം | പേര് /വിലാസം | വിസ്തീർണ്ണം | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 07/169 A | സോഫിദാ ബീവി , പറണ്ടവിള വീട് , കോളനി മുക്ക് | 85 ച.മീ | 2008 ഒന്നാം അർദ്ധ വർഷം മുതൽ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 17 ന് നികുതി നിർണ്ണയം നടത്തി നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

കെട്ടിടങ്ങൾക്ക് മുൻകാല പ്രാബല്യത്തിൽ നികുതി ഇളവ് അനുവദിച്ചതും 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തെ ഒഴിവാക്കി കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചതും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തെ ഗുരുതര വീഴ്ചയാണ്.

കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-13-7 സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം

സമർപ്പിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. ഉദാഹരണമായി

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 3/12 | ശശിധരൻനായർ,നെടുമ്പ, പനയമുട്ടം |
| 2 | 3/233 B | ഹല്ലാജ്ഖാൻ, പുത്തൻവീട് |
| 3 | 3/496 | ദിവാകരൻ, പഴവിള പുത്തൻവീട് |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 17 ന് പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-13-8 മുൻകാല പ്രാബല്യത്തിൽ നികുതി ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതലാണ് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്.

എന്നാൽ സഞ്ചയ സോഫ്റ്റ്വെയറിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രബല്യത്തിൽ നികുതി ഒഴിവാക്കിയിട്ടുണ്ട്. ഉദാഹരണമായി

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 1 | 7/372A | ഷാജഹാൻ. സൗജത്ത് ബീവി | 2014 ആദ്യ അർദ്ധവർഷം മുതൽ |
| 2 | 7/189 | സിന്ധു, ഇടവിളാകത്ത് വീട് | 2013 ആദ്യ അർദ്ധവർഷം മുതൽ |
| 3 | 7/245 | ബിജു | 2013ആദ്യ അർദ്ധവർഷം മുതൽ |
| 4 | 10/103 | അമ്പാനാശാൻ | 2013ആദ്യ അർദ്ധവർഷം മുതൽ |
| 5 | 10/114 | അബ്ദുൾ റഷീദ്,പ്ലാവിള വീട് | 2013ആദ്യ അർദ്ധവർഷം മുതൽ |
| 7 | 10/184 | രാമചന്ദ്രൻ, ചിറക്കരസദനം | 2013 ആദ്യ അർദ്ധവർഷം മുതൽ |

## 1-13-9 വസ്തുനികുതിനിർണ്ണയം-കൃത്യത പരിശോധിക്കാനായിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 11 (2) പ്രകാരം കെട്ടിട ഉടമ ഫാറം 2ൽ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതും ചട്ടം 12(4) പ്രകാരം കെട്ടിട ഉടമവസ്തു ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്ത് പോയി ഫാറം-6ൽ ശേഖരിക്കേണ്ടതും അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

വസ്തു നികുതി നിർണ്ണയം സംബന്ധിച്ച് ഫയൽ നം. A2-4341/2019, A2-1606/20, A2-1551/2020, A3-4139/18, A2-5645/2019, A2-3966/2019, A2-478/2020 എന്നീ ഫയലുകൾ പരിശോധിച്ചതിൽ യാതൊന്നിലും തന്നെ ഈ ചട്ടങ്ങൾ പാലിച്ചതായി കാണുന്നില്ല. ഫോറം 6ൽ ചട്ടം അനുശാസിക്കുന്ന എല്ലാ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ സഞ്ചയയിൽ വസ്തു നികുതി കൃത്യമായാണോ കണക്കാക്കിയിരിക്കുന്നത് എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. . ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 27 ന് തുടർന്നുള്ള അപേക്ഷകളിൽ ഫോറം നം. 6 പൂർണ്ണമായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഇത്തരത്തിലുള്ള അപാകതകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13-10 വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ അപാകത

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന്

അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ സഞ്ചയ സോഫ്റ്റ്വെയറിൽ 3, 7, 10 എന്നീ വാർഡുകൾ പരിശോധിച്ചതിൽ അപേക്ഷ സമർപ്പിക്കാത്ത താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്..

| ക്രമ നം | വാർഡ് നം/ കെട്ടിട നം | പേര് , വിലാസം |
|---|---|---|
| 1 | 3/138 | കൃഷ്ണൻകുട്ടി, കൃഷ്ണവിലാസം |
| 2 | 7/231 | മുരളീധരൻനായർ, മേക്കുംകര പുത്തൻവീട് |
| 3 | 7/289 | രാമചന്ദ്രൻനായർ, മഠംവിളാകത്തുവീട് |
| 4 | 10/241A | ഉദയകുമാർ, സൂര്യഗായത്രി |
| 5 | 10/265 | ജോണി, ഗേറ്റിനകത്തുവീട് |
| 6 | 10/451 | കാസിംകുഞ്ഞ്, ബൈത്തുന്നൂർ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.17 ന് ലഭിച്ച മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകതക

തൊഴിൽ നികുതി ഈടാക്കുന്നതിൽ നിരവധി അപാകതകൾ കാണുന്നു. ആയവ ചുവടെ ചേർക്കുന്നു

## 1-14-1 തൊഴിൽ നികുതി നോട്ടീസ് നൽകുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204, 1996ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത്പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന, ഏതോരാളുടേയുംമേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ച വ്യാപാരസ്ഥാപനങ്ങളിലെ ഉടമകളിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 205പ്രകാരം നടപടിക്രമങ്ങൾ പാലിച്ച് ജീവനക്കാരുടെ വേതന വിവരങ്ങൾ ഉൾപ്പെട്ട പത്രിക വാങ്ങി തൊഴിൽ നികുതി ഡിമാന്റ് ചെയ്യിട്ടില്ല. ഉദാഹരണമായി.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെഎണ്ണം | FTEAOS രജിസ്റ്ററിലെ ക്രമ നം. | വാർഡ്, കെട്ടിട നം. | അർദ്ധ വർഷം |
|---|---|---|---|---|---|
| 1 | അൻസി സാമിൽ | 2 | 33 | 282/XI | I&II Half |
| 2 | R.K ട്രേഡേഴ്സ്, കരിക്കുഴി | 2 | 131 | 234A/VIII | I&II Half |
| 3 | എ.എ സൂപ്പർമാർക്കറ്റ് | 3 | 144 | 50,51/Xi | I&II Half |
| 4 | കാവുവിള ഗ്രാനൈറ്റ്സ് | 3 | 30 | 287/X | I&II Half |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 5 | കാവുവിള ഗ്രാനൈറ്റ്സ് | 3 | 31 | 287/X | I&II Half |
| 6 | ഡീലക്സ് സിമന്റ് ബ്ലോക്സ് | 6 | 6 | 81,82/VII | I&II Half |
| 7 | ഫ്രണ്ട്സ് സാമിൽ | 2 | 23 | 334A/XIII | I&II Half |
| 8 | ബ്രദേഴ്സ് സാമിൽ | 2 | 18 | 304/II | I&II Half |
| 9 | വിളയിൽ ഫ്യൂവൽസ് | 5 | 27 | 132/V | I&II Half |
| 10 | എസ്.എൻ ഇന്റർലോക്ക് | 6 | 13 | 120A/X | I&II Half |
| 11 | തയ്ക്കാട്ടുപറമ്പിൽ സ്റ്റീൽ ഇൻഡസ്ട്രീസ് | 2 | 41 | 176C/XIII | I&II Half |
| 12 | ബി.എസ് ഹോളോബ്രിക്സ് | 3 | 15 | 103B/III | I&II Half |

ഇത് സംബന്ധിച്ച ഓഡിറ്റ്എൻക്വയറി നം. 23 ന്പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14-2 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2019-20 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 10 ന് മറുപടിൽ 11 റേഷൻകടകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും 23.11.2020 ന് അവർക്ക് ഇത് സംബന്ധിച്ചകത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്

## 1-14-3 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2019-20 വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ലഭ്യമാക്കിയ കരാറുകാരുടെ ലിസ്റ്റ് പ്രകാരം 19 കരാറുകാർ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പേര് | വിലാസം |
|---|---|---|
| 1 | രതീഷ്. എസ്.എസ് | കുന്നപുറത്തു വീട്, കഴക്കുന്നു. ചുള്ളിമാനൂർ പി.ഒ |
| 2 | രവി. എസ് | ആർ.പി.ഹൗസ്, ഗാന്ധി നഗർ, നെടുമങ്ങാട് |
| 3 | വിജയസേനൻ നായർ | ജയനിലയം, ചെല്ലഞ്ചി, പേരയം, പാലോട് |
| 4 | ജയകുമാർ.എൻ | ശ്രീലക്ഷ്മി, മണലയം |
| | | |

| | | |
|---|---|---|
| 5 | എസ്. മനോഹരൻ നായർ | ഉത്രാടം, വെള്ളാഞ്ചിറ |
| 6 | ഇ. ആയൂബ്ഖാൻ | ഊറ്റുകുഴി മേലേ പുത്തൻവീട്, അരുവിക്കര |
| 7 | എസ്.ശാന്തമ്മ | രേവതി, വെമ്പായം, കുതിരകുളം. പി.ഒ |
| 8 | വിനോദ്. എസ് | ആറ്റുകടവിൽ വീട്, ചെല്ലഞ്ചി, പേരയം |
| 9 | എ.ഹാഷിം | സജാദ് മൻസിൽ, പരിക്കപ്പാറ,ചുള്ളാളം |
| 10 | ആനക്കുഴിലേബർ കമ്പനി | ആനക്കുഴി, മീൻമുട്ടി.പി.ഒ |
| 11 | എ. നിസാറുദ്ദീൻ | മലയടി വീട്, ആറ്റിൻപുറം |
| 12 | ബിജു. പി.എ | തോട്ടരികത്തുവീട്, വളമൂഴി |
| 13 | സുനിലാൽ. എസ് | പരയംവിളാകത്തുവീട്,പാലുവള്ളി, മീൻമുട്ടി. പി.ഒ |
| 14 | വിപിൻരാജ്. എൻ.ഐ | മേക്കകരവീട്, കുറുംപുഴ, ഇളവട്ടം പി.ഒ |
| 15 | ചന്ദ്രൻ. സി | ചെല്ലപ്പ മന്ദിരം, ചന്ദ്രമംഗലം |
| 16 | ജയകുമാർ. എം.ജി | ജയനിലയം, ചെല്ലഞ്ചി, പേരയം |
| 17 | ഗിരീഷ്. സി.എസ് | ഗിരീഷ് ഭവൻ, കോൺവന്റ് ജങ്ഷൻ |
| 18 | സുരേന്ദ്രൻ നായർ | കൃഷ്ണേന്ദുവിൽ, പൂവക്കാട് |
| 19 | ശശികുമാർ | കൃഷ്ണകൃപ, പഴകുറ്റി, നെടുമങ്ങാട് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.9ന് കരാറുകാരുടെ വിശദാംശം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല..മേൽ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-14-4 ബി.എസ്.എൻ.എൽ ഓഫീസിലെ സ്ഥാപനനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും 2019-20 വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 14ന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനതൊഴിൽ ഈടാക്കുന്നതിനായി ബി.എസ്.എൻ.എലിന് കത്തു നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14-5 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഡിമാന്റ് രജിസ്റ്റർ പ്രകാരംസ്ഥാപനതൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| സപ്ലൈകോ മാവേലിസ്റ്റോർ | I&II Half |
| ക്ഷീരോല്പാദക സഹകരണ സംഘം, വെള്ളാഞ്ചിറ | I&II Half |
| റിലയൻസ് റീട്ടെയിൽ | II Half |
| പി.ആർ മെഡിക്കൽ സെൻറർ | I&II Half |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 14 ന് സ്ഥാപനതൊഴിൽ നികുതിഈടാക്കുന്നതിന് പ്രസ്തുതസ്ഥാപനങ്ങൾക്ക് കത്തു നൽകിയിട്ടുണ്ടെന്ന് മറുപടിലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15 പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ- നടപടികൾസ്വീകരിച്ചിട്ടില്ല

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ആകെ നായ്ക്കളുടെ എണ്ണം 80 ഉം ലൈസൻസുള്ളവ 15ഉം ആണ്. വാർഷികധനകാര്യ പത്രിക RP-4 പ്രകാരം ഈയിനത്തിലെ വരവ് 20/- രൂപ മാത്രമാണ്. 1998ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതേയും ലൈസൻസിൽ പറഞ്ഞിട്ടുള്ളനിബന്ധനകൾക്കനുസരണമല്ലാതെയുംയാതൊരാളുംഗ്രാമപഞ്ചായത്തു പ്രദേശത്ത് നിശ്ചിത തീയതി മുതൽ പട്ടികളേയോ പന്നികളേയോ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ലെന്ന്പ്രമേയം മൂലം നിശ്ചയിക്കാവുന്നതാണ്. അപ്രകാരം പ്രമേയം പാസാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25 ന് പ്രമേയങ്ങൾ ഒന്നും തന്നെ ഇത് സംബന്ധിച്ച് പാസാക്കിയിട്ടില്ലായെന്നും അടുത്ത ഭരണസമിതി യോഗത്തിൽ ഇത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-16 ആസ്തികൾ കൃത്യമായി പരിപാലിക്കുന്നില്ല – രജിസ്റ്റർ കാലികമാക്കുന്നില്ല

28.10.2019ലെ ജനറൽകമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ ഏഴാം വാർഡിൽ നിന്ന ഒരു കൂറ്റൻ പ്ലാവ് മരം ഒരു വ്യക്തി മുറിച്ചുമാറ്റാൻ ശ്രമിക്കുകയും , പഞ്ചായത്ത് അത് തടഞ്ഞിട്ടുള്ളതും, മുറിച്ചുമാറ്റിയ ഭാഗങ്ങൾ എല്ലാം ഇപ്പോൾ കാണാനില്ലെന്നുമുള്ള വാർഡ് മെമ്പറുടെ പരാതി പോലീസിന് കൈമാറാൻ തീരുമാനിച്ചിട്ടുള്ളതായി കാണുന്നു (തീരുമാനം നം 6(3)). പരാതി കൈമാറി എന്നതൊഴിച്ചാൽ മുറിച്ചുമാറ്റിയ മരം ലേലം ചെയ്യാനോ പ്രസ്തുത വ്യക്തിക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാനോ സ്ഥാപനം തയ്യാറായിട്ടില്ല.

2015-16ൽ തയ്യാറാക്കിയ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല എന്നാണ് ഇതിനോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭിച്ച മറുപടി. രേഖകൾ കൃത്യവും കാലികവുമാക്കി പഞ്ചായത്തിന്റെ ആസ്തികൾ നശിക്കുകയും അന്യാധീനപ്പെട്ടുപോകുകയും ചെയ്യുന്നത് തടയാൻ അടിയന്തിരനടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-17 നെൽവയൽ തണ്ണീർത്തട ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിന് നമ്പർ അനുവദിച്ചു

ശ്രീമതി. സന്ധ്യ. യു, തിരുവാതിര, കോതകുളങ്ങര, പനയമുട്ടം എന്ന വ്യക്തിയ്ക്ക് റീ സർവേ നം. 120/3 ൽ കെട്ടിടനിർമ്മാണത്തിനായി പെർമിറ്റ് നം. A3-BAC 96291/2018 പ്രകാരം അനുമതി നൽകുകയും 16.12.2019ൽ PP/VII/30A പ്രകാരം കെട്ടിടനം. നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ കേരള ഗസറ്റ് വിജ്ഞാപനം നം. എ2/120/2021 തീയതി7.1.2021 ക്രമനം. 243 ആയി മേൽ റീസർവേ നമ്പരിൽ ഉൾപ്പെട്ട സ്ഥലം നെൽവയൽ തണ്ണീർത്തട ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 31 ന് കൃഷി ഓഫീസിൽ നിന്നും ഹാജരാക്കിയ സാക്ഷ്യപത്രം പ്രകാരം പ്രാദേശിക തല നിരീക്ഷണസമിതി മേൽ സർവ്വേ നമ്പരിൽപ്പെട്ട നിലം പരിശോധന നടത്തുകയും കരട് ഡേറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനം എടുത്തിട്ടുള്ളതായി സൂചിപ്പിച്ചിരുന്നതിനാലാണ് കെട്ടിട നമ്പർ അനുവദിച്ചതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ബിൽഡിംഗ് പെർമിറ്റിന് അനുമതി നൽകുന്ന വേളയിൽ നിലവിലുണ്ടായിരുന്ന ഡേറ്റാ ബാങ്കിൽ ( കേരള ഗസറ്റ് വിജ്ഞാപനം എ2-684/2012 തീയതി 2.8.2012) ൽ പ്രസ്തുത റീസർവേ നമ്പരിലെ നിലം ഉൾപ്പെട്ടിരുന്നില്ല. എന്നാൽ 7.1.2021ൽ നിലവിൽ വന്ന ഡേറ്റാ ബാങ്കിൽ പ്രസ്തുത നിലം ഉൾപ്പെടുകയും ചെയ്തിരിക്കുന്നു. മേൽ സാഹചര്യത്തിൽ ഇക്കാര്യങ്ങൾ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003 കേരളപഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പ്രകൃതിക്ഷോഭങ്ങൾ, അഗ്നിബാധ, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന നിർദ്ധനരായ പഞ്ചായത്ത് നിവാസികൾക്ക് അടിയന്തിരസഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. വ്യക്തികൾ, സംഘടനകൾ എന്നിങ്ങനെയുള്ളവയിൽ നിന്നും ഇതിനായി സംഭാവന സ്വീകരിക്കാവുന്നതാണ്. അർഹരായ ദുരിതബാധിതർക്ക് 500/- രൂ വരെയുള്ള അടിയന്തിര സഹായം ചട്ടം വ്യവസ്ഥ ചെയ്യുന്നുണ്ട്.

അഗതികൾക്ക് വളരെയധികം സഹായകമായ പ്രസ്തുതനിധി രൂപീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 എം ബുക്കിൽ തെറ്റായ അളവുകൾ രേഖപ്പെടുത്തി തുക അനുവദിച്ചു.

1.പദ്ധതിയുടെ പേര് -മുളമൂട് കൊന്നമൂട് റോഡ് നവീകരണം

പദ്ധതി നം - 125/20

അടങ്കൽ -790048/-(മെയിന്റനൻസ് റോഡ്)

ചെലവ് -667593/-

നിർവഹണം -അസിസ്റ്റന്റ്എഞ്ചിനീയർ.

കരാറുകാരൻ- -രവി.എസ്സ്

ബിൽ നം -6/2019-20.തീ.29/04/19

എം ബുക്ക് നം -256/2018-19&257/2018-19

DSR 2016-Cost Index-44.12%-Item Rate Contract.

ഈ പ്രവൃത്തിയിൽ ഓടനിർമ്മാണത്തിനായി 10 മീറ്റർ നീളത്തിൽ 17 റീച്ചുകളും 8.80 മീറ്റർ നീളത്തിലുള്ള ഒരു റീച്ചും 7.2 മീറ്റർ നീളത്തിലുള്ള ഒരു റീച്ചും 85 സെ.മീ വീതിയിൽ ശരാശരി 50-60 സെ.മീ താഴ്ചയിൽ എർത്ത് വർക്ക് ചെയ്തിട്ടുണ്ട് (MoRD Item No11.1.1.1.Earth Work Escavation).എന്നാൽ തുടർന്നു വരുന്ന പ്രവൃത്തികളായ M10, M15, M20 എന്നിവയ്ക്ക് 10 മീറ്റർ നീളമുള്ള 17 ന പകരം 18 റീച്ചുകൾക്ക് അളവ് കണക്കാക്കി തുക നൽകിയിരിക്കുന്നു.ഇതിൽ എർത്ത് വർക്ക് ചെയ്യാത്ത 10 മീറ്റർ നീളമുള്ള ഒരു റീച്ചിന് M10,M15, M20 എന്നിവയ്ക്ക് തുക നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല.വിവരം ചുവടെ ചേർക്കുന്നു.

A.ഇനം നം 2.2. M10 1;3;6 OD

| | |
|---|---|
| ആകെ ചെയ്തിരിക്കുന്നയായി രേഖപ്പെടുത്തിയിരിക്കുന്ന അളവ്- | 16.512m3(എം ബുക്ക് നം256പേജ് നം 6-10) |
| നൽകിയ തുക | 16.512m3@6920/-=114263/-(എം ബുക്ക് നം257പേജ് നം 1) |
| | |
| അനുവദനീയമല്ലാത്ത അളവും നൽകിയ തുകയും | 1x10x0.84x0.10=0.840m3<br>0.840m3@6920/M3=5812 |

B.ഇനം നം 2.3. M15 1;2.5;5 (11.4.2.1)

| | |
|---|---|
| ആകെ ചെയ്തിരിക്കുന്നയായി രേഖപ്പെടുത്തിയിരിക്കുന്ന അളവ്- | 32.232m3(എം ബുക്ക് നം256പേജ് നം 11-17) |
| നൽകിയ തുക | 32.232m3@6520/-=210152/-(എം ബുക്ക് നം257പേജ് നം 2) |
| അനുവദനീയമല്ലാത്ത അളവും നൽകിയ തുകയും | 1x10x0.15x0.55=0.826m3<br>1x10x0.20x0.55=1.10m3<br>=1.926m3@6520/M3=12557 |

C.ഇനം നം 2.4. M20 1;2.;4 (OD-Wearing Coat)

| | |
|---|---|
| ആകെ ചെയ്തിരിക്കുന്നയായി രേഖപ്പെടുത്തിയിരിക്കുന്ന അളവ്- | 4.818m3(എം ബുക്ക് നം256പേജ് നം 18-21) |
| നൽകിയ തുക | 4.730m3@6955/-=32897/-(എം ബുക്ക് നം257പേജ് നം 2) |
| | |

| | |
|---|---|
| അനുവദനീയമല്ലാത്ത അളവ് | 1x10x0.49x0.05=0.245m3 |
| നൽകേണ്ടിയിരുന്ന തുക | 4.573m3@6955/-M3=31805/-<br>(4.818-0.245) |
| അധികം നൽകിയ തുക | (32897-31805)=1092/- |

ഈ പ്രവൃത്തിയിൽ ആകെ നഷ്ടംവന്ന തുക 19461/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.ടി അപാകത ഓഡിറ്റ് എൻക്വയറി നം 28 പ്രകാരം നിർവഹണ ഉദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ട്.എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല.

2.പദ്ധതിയുടെ പേര് -ചുമടുതാങ്ങി പാലുവള്ളി റോഡ് സൈഡ് വാൾ

നിർമ്മാണം

പദ്ധതി നം - 122/20

അടങ്കൽ -500000/-(മെയിന്റനൻസ് റോഡ്)

ചെലവ് -417331/-

നിർവഹണം -അസിസ്റ്റന്റ്എഞ്ചിനീയർ.

കരാറുകാരൻ- -രതീഷ്.എസ്സ്.എസ്സ്

ബിൽ നം -14/2019-20.തീ.29/04/19

എം ബുക്ക് നം -316/2018-19

DSR 2016-Cost Index-44.12%-Item Rate Contract.

ഈ പ്രവൃത്തിയിൽ സൈഡ് വാൾ നിർമ്മാണത്തിനായി ഇനം നം 1 ആയി 55.7 മീറ്റർ നീളത്തിൽ എർത്ത് വർക്ക് ചെയ്തിട്ടുണ്ട്. ഇനം നം 2 ആയി M10 1;3;6 സിമന്റ് കോൺക്രീറ്റും 30 സെ.മീ.കനത്തിൽ 55.7മീറ്റർ നീളത്തിൽത്തന്നെ നിർവഹിച്ചിട്ടുണ്ട്. എന്നാൽ ഇനം നം 3ആയി M10 ഉപയോഗിച്ചുള്ള സൈഡ് വാൾ നിർമ്മാണത്തിൽ ടി പ്രവൃത്തി 66.7 മീറ്റർ നീളത്തിൽ ചെയ്തതായി എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു.എർത്ത് വർക്ക് ഫൗണ്ടേഷൻ എന്നിവയുടെ നീളത്തെക്കാൾ 11 മീറ്റർ കൂടുതലായി (1x11x(0.40+0.30)/2x(1.3+1.2)/2=4.812m3) സൈഡ് വാൾ ചെയ്തതായി എം ബുക്കിൽ രേഖപ്പെടുത്തി പ്രസ്തുത ഇനത്തിന് തുക അനുവദിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

| | |
|---|---|
| ഈ ഇനത്തിന് എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന ആകെ അളവ് | 46.185m3 (എം ബുക്ക് പേജ് നം 8-10) |
| ഈ ഇനത്തിന് നൽകിയ തുക | 46.08m3@6441/M3=296801/-(എം ബുക്ക് പേജ് നം -16) |
| ഈ ഇനത്തിന് നൽകേണ്ടിയിരുന്ന തുക | 41.373m3@6441/M3=266483/- |
| അധികം നൽകിയ തുക | 30318/- |

ഈ പ്രവൃത്തിയിൽ ആകെ നഷ്ടംവന്ന തുക 30318/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.ടി അപാകത ഓഡിറ്റ് എൻക്വയറി നം 29 പ്രകാരം നിർവഹണ ഉദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ട്.എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 വാറ്റ് ഇനത്തിൽ കുറവ് ചെയ്യേണ്ട തുക കുറവ് ചെയ്യാതെ തുക അനുവദിച്ചതിലൂടെ കൺവീനർക്ക് അധിക ആനുകൂല്യം നല്കി-നഷ്ടം7812/-രൂപ

സർക്കാർ ഉത്തരവ് (പി) നം30/2016ധന.തീയതി29/02/2016പ്രകാരം ഗുണഭോക്തൃസമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് അനുവദിക്കാമെന്നും എന്നാൽ വർക്ക്ബില്ലുകളിൽ നിന്നും ഈടാക്കുന്ന അനുവദനീയമായ നികുതികൾ ഗുണഭോക്തൃസമിതി തന്നെ വഹിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്.

മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് കൂടെ ഉൾപ്പെട്ട നിരക്കാണ് PRICE Software ൽ വിഭാവനം ചെയ്തിരിക്കുന്നത്.ഈ സമയത്ത് 5% VAT ആണ് നിലവിലുണ്ടായിരുന്നത്.01.01.2017മുതൽ VAT പകരം GST വന്നതിനാൽ 5% VAT ഒടുക്കേണ്ടതില്ല. ആയതിനാൽ VAT നിലവിലില്ലാത്ത സാഹചര്യത്തിലും കൺവീനർമാർ

ജി.എസ്.റ്റി.ഒട്ടക്ക വരുത്താത്ത സാഹചര്യത്തിലും 5% തുക കുറവ് ചെയ്ത് ബില്ല് നൽകിയാൽ മതിയാവുന്നതാണെന്നും ഉത്തരവ് നം ഡിബി 9058/17സി.ഇ/ത.സ്വ.ഭ.വ.തീയതി16.03.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് നിർവഹിച്ച പേരയം ഗവണ്മെന്റ് യു.പി.എസ്സ് ക്ലാസ്സ് റൂം പൂർത്തീകരണം(പദ്ധതി നം 171/20) എന്ന പ്രവൃത്തിയിൽ ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും 5% തുക കുറവ് ചെയ്യാത്തതിനാൽ കൺവീനർക്ക് അധിക ആനുകൂല്യം നൽകാൻ ഇടവന്നു.

പദ്ധതിയുടെ പേര് -പേരയം ഗവണ്മെന്റ് യു.പി.എസ്സ് ക്ലാസ്സ് റൂം

പൂർത്തീകരണം

പദ്ധതി നം - 171/20

അടങ്കൽ -175000/-

ചെലവ് -156247/-

നിർവഹണം -അസിസ്റ്റന്റ്എഞ്ചിനീയർ.

കൺവീനർ- -ബിന്ദു.എസ്സ്

ബിൽ നം -23/2019-20.തീ.07/11/20

എം ബുക്ക് നം -158/2019-20

ഈടാക്കേണ്ടിയിരുന്ന തുക=5% Of 156247/=7812/-

ടി അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.39 തീയതി-19/03/2021 ന് മറുപടി ലഭ്യമാക്കിയില്ല.ടി നഷ്ടതുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-21 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നിർവഹിച്ചിരിക്കുന്നു.നിർദ്ദേശങ്ങൾക്ക് വിരുദ്ധം

ഉത്തരവ് നം ഡി.എ.1/859/2017 ത.സ്വ.ഭ.വ.തീയതി 10.11.2017 പ്രകാരം കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പുതിയ കോൺക്രീറ്റിംഗും ടാറിംഗും പാടില്ല.18-09-17 ലെ ഡി.എ1/ 672/2017/ തസ്വഭവ ഉത്തരവ് അനുസരിച്ച് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് ഏറ്റെടുക്കണമെങ്കിൽ ആയത് അനിവാര്യമാണെന്ന് അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തി പ്രത്യേകിച്ച് റിക്വസ്റ്റ് ചെയ്യേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി തീരുമാനവും എടുക്കേണ്ടതുമാണ്.എന്നാൽചുവടെ പറയുന്ന പ്രവൃത്തികൾക്ക് ഇത്തരത്തിലുള്ള നിബന്ധന പാലിച്ചതായി വ്യക്തമല്ല.

| ക്രമനം | പദ്ധതിനം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 76/20 | കൊച്ചപാലോട് മലയക്കോണം റോഡ് കോൺക്രീറ്റിംഗ് | 440000 | 436966 |
| 2 | 79/20 | പനയമുട്ടം പോങ്ങുംകോണംറോഡ് കോൺക്രീറ്റിംഗ് | 264000 | 263884 |
| 3 | 83/20 | സിൻഡിക്കേറ്റ് ബാങ്ക്നട റോഡ് കോൺക്രീറ്റിംഗ് | 271000 | 215458 |
| 4 | 84/20 | വാഴോട് വിളയിൽ റോഡ് കോൺക്രീറ്റിംഗ് | 452000 | 449076 |
| 5 | 164/20 | കരിക്കുഴി ഇടത്തറ ചന്ദ്രമൺ കൊക്കോട് റോഡ് കോൺക്രീറ്റിംഗ് | 96958 | 96958 |
| 6 | 169/20 | പനവൂർ പാറയടി റോഡ് കോൺക്രീറ്റിംഗ് | 123000 | 16444 |

അസി എഞ്ചിനീയർ ഇത്തരത്തിൽ റിക്വസ്റ്റ് ചെയ്തിട്ടാണോ ചുവടെ പറയുന്ന പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്നത് എന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 38തീയതി-19/03/2021 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല.

## 1-22 ഏറ്റെടുത്ത സ്പിൽ ഓവർപ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടില്ല.

ചുവടെ ചേർക്കുന്ന പദ്ധതികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സുലേഖ പത്രിക പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലാത്തതായി കാണുന്നു. ജി.ഓ.(എം.എസ്) നം72/2017ത.സ്വ.ഭ.വ.തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്.

| ക്രമ നം | പദ്ധതി നം | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 147/20 | കൊച്ചാനായിക്കോണം സിസി ഹൗസ് വെള്ളംകുടി റോഡ് നവീകരണം | 883000 |
| 2 | 149/20 | ആറ്റിൻപുറം യു.പി.എസ്സ് നഴീകരണം | 242230 |
| 3 | 152/20 | കഴക്കുന്ന് പുളിമൂട് റോഡ് റീടാറിംഗ് | 500000 |
| 4 | 153/20 | ചെവിടൻപാറ റോഡിൽ സൈഡ് വാൾ,റാമ്പ്,ക്രോസ്ഡ് ഡ്രൈൻ | 587594 |
| 5 | 154/20 | കരിക്കുഴി ഇടത്തറ റോഡ് റീടാറിംഗ് | 350000 |
| 6 | 155/20 | കൊങ്ങണംകോട് കൊച്ചുകരിക്കകം റോഡ് റീടാറിംഗ് | 489537 |
| 7 | 157/20 | കീഴാറ്റിൻപുറം വലിക്കോണം റോഡ് റീടാറിംഗ് | 740419 |
| 8 | 158/20 | പ്ലാങ്കോട്ടുകോണം റോഡിൽ സൈഡ് വാൾ | 404147 |
| 9 | 161/20 | മുള്ളമൂട് മരമറുത്തകോൺ റോഡ് സൈഡ് വാൾ,സ്ലാബ്. | 669599 |
| 10 | 162/20 | കഴക്കുന്ന് ഏറെ നെടുമ്പ റോഡിൽ സൈഡ് വാൾ ക്രോസ്ഡ്രൈൻ | 612315 |
| 11 | 163/20 | പനയമുട്ടം എൽ.പി.എസ്സ് മെയിന്റനൻസ് | 500000 |
| 12 | 166/20 | പള്ളിച്ചക്കോണം വാഴമല റോഡിൽ ക്രോസ്ഡ്രൈൻ നിർമ്മാണം | 200000 |
| 13 | 167/20 | അംബേദ്കർ ഗ്രാമം റോഡ് സംരക്ഷണഭിത്തി നിർമ്മാണം | 170000 |
| 14 | 168/20 | ആട്ടുകാൽ മുക്കാംതോട് റോഡ് സംരക്ഷണഭിത്തി നിർമ്മാണം. | 300479 |

ടി വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 37 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല.ഏറ്റെടുക്കുന്ന സ്പിൽ ഓവർ പ്രവൃത്തികൾ ഏറ്റെടുക്കുന്ന വർഷം തന്നെ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ പ്രവൃത്തി നിർവഹിച്ച്.ചെലവ് ചെയ്ത അധിക തുക 45756/-രൂപ ഈടാക്കേണ്ടതാണ്.

ജി.ഒ.(പി)13/2012/Pwd/01.02.2012 പ്രകാരം സാങ്കേതികാനുമതി ലഭിച്ച ഏതെങ്കിലും ഇനം ഒഴിവാക്കലും കൂട്ടിച്ചേർക്കലും മാറ്റം വരുത്തലും ആവശ്യമായി വരുന്ന സംഗതിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിവേണം പ്രവൃത്തി പൂർത്തീകരിക്കേണ്ടത്.അതുപോലെ ഉത്തരവ് നം സി.ഇ/ആർ&ബി/ജി.എൽ-18-19(1)സി.ഇ/പി.ഡബ്ല്യു.ഡി.തീയതി17/04/2018 പ്രകാരം സാങ്കേതിക അനുമതി ലഭിച്ച ഇനങ്ങൾ 25%ൽ അധികരിച്ച് നിർവഹിച്ച് തുക നൽകുന്നതിനും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി വാങ്ങേണ്ടതായുണ്ട്.എന്നാൽ ചുവടെ പറയുന്ന പ്രവൃത്തിയിൽ ഈ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

പദ്ധതിയുടെ പേര് -വട്ടറത്തല റോഡ് സംരക്ഷണഭിത്തി നിർമ്മാണം.

പദ്ധതി നം - 114/20

അടങ്കൽ -150000/-(മെയിന്റനൻസ് റോഡ്)

ചെലവ് -149648/-

നിർവഹണം -അസിസ്റ്റന്റ്എഞ്ചിനീയർ.

കരാറുകാരൻ- -രതീഷ്.എസ്സ്.

ബിൽ നം -8/2019-20.തീ.29/04/19

എം ബുക്ക് നം -311/2018-19

DSR 2016-Cost Index-44.12%-Item Rate Contract.

സാങ്കേതികാനുമതി ലഭിച്ചതും ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും ഒഴിവാക്കിയതുമായ ഇനങ്ങൾ

| ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|
| ഇനം നം 4.Constuction Of Embankment(Od) | 53.2m3 | 402.3/M3 | 21402.36 |
| ഇനം നം 5.Filling Up Low Laying Area With Quarry Muck | 25.5m3 | 1644.07/M3 | 41923.78 |
| ഇനം നം 5.Supplying And Fixing Information Board | 1.No | 2629.5 | 2629.5 |

ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം സാങ്കേതികാനുമതി ലഭിച്ചതും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും 25% ൽ അധികം നിർവഹിച്ച് തുകനൽകിയതുമായ ഇനങ്ങൾ

| ഇനം | ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം അനുമതി ലഭിച്ച അളവ് | എം ബുക്ക് പ്രകാരം നിർവഹിച്ച അളവ് | തുക നൽകിയ വിവരം | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| ഇനം നം 1 Earth Work Escavation (11.1.1.1) | 4m3 | 7.712m3 | 7.5m3@536.09/M3=4020.68 | 5m3@ 536.09/M3=2680.45 | 1340/- |
| ഇനം നം 2 Providing Cement Concrete-M10(Od) | 3m3 | 5.784m3 | 4.5m3@7374.52/M3=33185.34 | 3.75m3@ 7374.52/M3=27654.45 | 5531 |
| ഇനം നം 3 Providing | 7.701m3 | 21.025m3 | 14.025m3@7669.53/M3=112742.09 | 9.63m3@ 7669.53/M3=73857.57 | 38885 |

| | | | | | |
|---|---|---|---|---|---|
| Cement Concrete-M10 (11.4.1.1) | | | | | |
| ആകെ | | | | | 45756 |

മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.40 തീയതി-19/03/2021) മറുപടി ലഭ്യമാക്കുകയോ ആവശ്യപ്പെട്ട രേഖ ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ ഈയിനത്തിൽ ചെലവ് ചെയ്ത 45756/-രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിലെ കാലതാമസം-നിയമാനുസൃത പിഴ ഈടാക്കുന്നില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി ദീർഘിപ്പിക്കേണ്ട സാഹചര്യങ്ങളിൽ കരാറുകാരൻ നിർവഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പി.എ.സി.യുടെ ഒരു ശതമാനം പിഴ (പൂർത്തീകരണ കാലാവധിയുടെ 25%വരെ) ഈടാക്കിക്കൊണ്ട് ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്.തുടർന്നും ദീർഘിപ്പിക്കുന്ന പക്ഷം രണ്ട് ശതമാനം പിഴ (പൂർത്തീകരണ കാലാവധിയുടെ 50%വരെ) ഈടാക്കിക്കൊണ്ടും ദീർഘിപ്പിക്കാവുന്നതാണ്.തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ 18.08.2018 ലെ എ.സി.2/223/15 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയും പിഴ ഈടാക്കാതെയും ചുവടെ പറയുന്ന മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

| സീ നം | പ്രവൃത്തി സംബന്ധിക്കുന്ന വിവരം | പ്രവൃത്തി ആരംഭിച്ച തീയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | പ്രവൃത്തിപൂർത്തീകരിച്ച തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| 1 | പനവൂർ പാറയടി റോഡ് കോൺക്രീറ്റിംഗ്(പദ്ധതി നം 169/20)പ<br>കരാറുകാരൻ-വിനോദ്.എസ്സ്<br>അടങ്കൽ-523000/-<br>ധനകാര്യകമ്മിഷൻ ഗ്രാന്റ്-123000<br>ബ്ലോക്ക് വിഹിതം-394589/-<br>പി.എ.സി. 411033/-<br>പൂർത്തീകരണ കാലാവധി-മൂന്ന് മാസം | 4/7/2019 | 3/10/2019 | 3/11/2019 | 4110/- |
| 2 | മുളമൂട് കൊന്നമൂട് റോഡ് നവീകരണം(പദ്ധതി നം 125/20)<br>കരാറുകാരൻ-രവി.എസ്സ്<br>അടങ്കൽ- 790048/-<br>മെയിന്റനൻസ് ഗ്രാന്റ് റോഡ്<br>പി.എ.സി. | 12/7/2019 | 11/12/2019 | 23/2/2019 | 7900/- |

| | | | | | |
|---|---|---|---|---|---|
| | 790048/-<br>പൂർത്തീകരണ കാലാവധി-അഞ്ച് മാസം | | | | |
| 3 | തോട്ടുമുക്ക് ചെവിടൻപാറ റോഡ് സൈഡ് വാൾ രണ്ടാം ഘട്ടം(പദ്ധതി നം 119/20)<br>കരാറുകാരൻ-രതീഷ്.എസ്സ്<br>അടങ്കൽ- 200000/- മെയിന്റനൻസ് ഗ്രാന്റ് റോഡ്<br>പി.എ.സി.<br>199600/-<br>പൂർത്തീകരണ കാലാവധി-അഞ്ച് മാസം | 20/7/2018 | 12/12/2018 | 2/3/2019 | 1996/- |
| 4 | പാമ്പാടി റോഡ് സൈഡ് വാൾ (പദ്ധതി നം 116/20)<br>കരാറുകാരൻ-രതീഷ്.എസ്സ്<br>അടങ്കൽ- 150000/- മെയിന്റനൻസ് ഗ്രാന്റ് റോഡ്<br>പി.എ.സി.<br>149700/-<br>പൂർത്തീകരണ കാലാവധി-മൂന്ന് മാസം | 28/10/2018 | 27/1/2019 | 26/3/2019 | 1497 |
| 5 | ചുമടത്താങ്ങി പാലുവള്ളി റോഡ് സൈഡ് വാൾ(പദ്ധതി നം 122/20)<br>കരാറുകാരൻ-രതീഷ്.എസ്സ്<br>അടങ്കൽ- 500000/- മെയിന്റനൻസ് ഗ്രാന്റ് റോഡ്<br>പി.എ.സി.<br>418227/-<br>പൂർത്തീകരണ കാലാവധി-അഞ്ച് മാസം | 18/9/2018 | 17/2/2019 | 22/3/2019 | 4182/- |

| | | | | | |
|---|---|---|---|---|---|
| 6 | വെള്ളംകടി വെള്ളംചിറ റോഡ് ഡ്രൈൻ (പദ്ധതി നം 121/20)<br>കരാറുകാരൻ- ജയകുമാർ.എൻ<br>അടങ്കൽ- 1000000/- മെയിന്റനൻസ് ഗ്രാന്റ് റോഡ്<br>പി.എ.സി.<br>807376/-<br>പൂർത്തീകരണ കാലാവധി-അഞ്ച് മാസം | 30/6/2018 | 29/11/2018 | 2/3/2019 | 8076 |

പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടായതിനാൽ ഈടാക്കേണ്ടിയിരുന്ന പിഴ അതാതു കരാറുകാരിൽ നിന്നും ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 ആർദ്രം- കെട്ടിട വിപുലീകരണത്തിനുള്ള തുക ഏജൻസിക്ക് കൈമാറൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ട് നം. | 105 |
| പേര് | ആർദ്രം -പ്രാഥമികാരോഗ്യ കേന്ദ്രം, കുടുംബാരോഗ്യകേന്ദ്രമാക്കൽ(കെട്ടിട വിപുലീകരണത്തിനുള്ള തുക ഏജൻസിക്ക് കൈമാറൽ |
| അടങ്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ് 1500000 |
| ചെലവ് | ബിൽ നം. 53/14.01.2020-1500000 |

പനവൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെകെട്ടിട വിപൂലീകരണത്തിനായി 1500000 രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് DHFWS തിരുവനന്തപുരത്തിന് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 1 ന് ലഭ്യമാക്കിയ മറുപടിയോടൊപ്പം മെഡിക്കൽ ഓഫീസർ പി.എച്ച്.സിയുടെ തന്നെ ധനവിനിയോഗസാക്ഷ്യപത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. DHFWSന്റെ ധനവിനിയോഗസാക്ഷ്യപത്രവും പൂർത്തീകരണ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-26 വയോഗ്രാമം-പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

വയോജനങ്ങളുടെ ശാരീരിക മാനസിക സംരക്ഷണം ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ടിരുന്ന പദ്ധതിയിൽ പ്രതിമാസ ക്ലിനിക്കിന്റെ സംഘാടനം, വൃദ്ധജനങ്ങളുടെ സാന്ത്വനപരിപാലനം, വയോജനസംഗമം, പരിശോധനാഉപകരണങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കാണ് തുക വകയിരുത്തിയിരുന്ന പദ്ധതിയിൽതാഴെപ്പറയുന്ന അപാകതകൾ കാണുന്നു

### 1-26-1 വയോസൗഹൃദ ഗ്രാമം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി |
| പ്രോജക്ട് നം. | 41 |
| പേര് | വയോസൗഹൃദ ഗ്രാമം |
| അടങ്കൽ | വികസനഫണ്ട് 580000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം 125000 |
| ചെലവ് | ബിൽനം.11/4.7.19-22500<br>21/30.7.19-22500<br>25/24.8.19-22500 |

| | |
|---|---|
| | 33/24.9.19-22500<br>34/16.10.19-22500<br>43/16.12.19-22500<br>47/20.1.20-22500<br>70/18.3.20-16500<br>71/31.3.20-22500<br>72/31.3.20-22500<br>74/31.3.20-30000<br>75/31.3.20-45000<br>76/31.3.20-40750<br>4/13.11.19-50000<br>61/22.2.2.-22500 |

വയോജനങ്ങളുടെ ശാരീരിക മാനസിക സംരക്ഷണം ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ടിരുന്ന പദ്ധതിയിൽ പ്രതിമാസ ക്ലിനിക്കിന്റെ സംഘാടനം, വൃദ്ധജനങ്ങളുടെ സാന്ത്വനപരിപാലനം, വയോജനസംഗമം, പരിശോധനാഉപകരണങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കാണ് തുക വകയിരുത്തിയിരുന്നത്.

സ.ഉ(സാധാ) നം. 542/2010/ത.സ്വ.ഭ. വ തീയതി 19.2.2010 പ്രകാരം പ്രോജക്ടിൽ പങ്കാളികളാകുന്ന എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളുടെ അധ്യക്ഷൻമാരും യോഗം ചേർന്ന് പ്രോജക്ടിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്യേണ്ടതും ഓരോ തദ്ദേശഭരണസ്ഥാപനവും കൈമാറുന്ന തുക സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതുമാണ്. വിഹിതം കൈമാറുന്നതിന് തീരുമാനിക്കുന്നതദ്ദേശഭരണസ്ഥാപനങ്ങൾ ഇത് സംബന്ധിച്ച് എടുക്കുന്ന ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ്, പ്രോജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശഭരണസ്ഥാപനത്തിന് നൽകണം. ഭരണസമിതി തീരുമാനത്തിൽ കൈമാറുന്ന തുക, ഏത് സ്രോതസ്സിൽ നിന്നുള്ള ഫണ്ടാണ് നൽകുന്നത്, തുക അനുവദിച്ച തീയതി മുതലായ വിവരങ്ങൾ കൂടി ഉൾപ്പെടുത്തണം. സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.01.2018 ഖണ്ഡിക 3.5.4(5) പ്രകാരം സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ തമ്മിൽ നിർവ്വഹണം ആരംഭിക്കുന്നതിനു മുൻപ് ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്.

എന്നാൽ പ്രസ്തുതപദ്ധതിയുടെ ഫയൽപരിശോധിച്ചതിൽ ഇത് സംബന്ധിച്ച നടപടിക്രമങ്ങളൊന്നും തന്നെ പാലിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 3ന് ഇത് സംബന്ധിച്ച്നടപടിക്രമങ്ങൾ പാലിച്ചതായി അറിയാൻ കഴിഞ്ഞിട്ടില്ലായെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

സംയുക്ത പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്നുറപ്പ് വരുത്തുന്നത് പദ്ധതിയുടെ ശരിയായ ലക്ഷ്യപ്രാപ്തിയ്ക്ക് അനിവാര്യമാണ്.

## 1-26-2 വയോസൗഹൃദഗ്രാമം- മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി |
| പ്രോജക്ട് നം. | 41 |
| പേര് | വയോസൗഹൃദ ഗ്രാമം |
| അടങ്കൽ | വികസനഫണ്ട് 580000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം 125000 |
| ചെലവ് | ബിൽനം.11/4.7.19-22500<br>21/30.7.19-22500<br>25/24.8.19-22500<br>33/24.9.19-22500<br>34/16.10.19-22500<br>43/16.12.19-22500<br>47/20.1.20-22500 |

| | |
|---|---|
| | 70/18.3.20-16500<br>71/31.3.20-22500<br>72/31.3.20-22500<br>74/31.3.20-30000<br>75/31.3.20-45000<br>76/31.3.20-40750<br>4/13.11.19-50000<br>61/22.2.2.-22500 |
| | |

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.01.2018 ഖണ്ഡിക 13 പ്രകാരം പ്രോജക്റ്റ് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 3 ന് ഫീൽഡ് പ്രോഗ്രാംഓഫീസർമാരാണ് മുൻ വർഷങ്ങളിൽ മോണിറ്ററിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കിസൂക്ഷിക്കുന്നതെന്നും 2019-20ൽകോവിഡുമായി ബന്ധപ്പെട്ട് ഏതാനും ഫീൽഡ് ജീവനക്കാരെ CFLTCഡ്യൂട്ടിയ്ക്കായി നിയോഗിച്ചതിനാൽ മോണിറ്ററിംഗിന് തടസ്സമുണ്ടായി എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. പദ്ധതി മാർഗ്ഗരേഖയിൽ അനുശാസിക്കും പ്രകാരം മോണിറ്ററിംഗ് നടത്തി പദ്ധതിയുടെ ലക്ഷ്യപ്രാപ്തി ഉറപ്പു വരുത്തേണ്ടതാണ്.

<u>1-27 മത്സ്യകൃഷി - ആനുകൂല്യം നൽകിയിട്ടില്ല. പദ്ധതിയിനത്തിൽ ചെലവായ 40000/-രൂപ നിരാകരിക്കുന്നു.</u>

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 195/20 |
| പ്രോജക്റ്റിന്റെ പേര് | മത്സ്യകൃഷി |
| അടങ്കൽ | 40000 (വികസനഫണ്ട്) |
| ചെലവ് | 40000 |
| ബിൽ നം. | 20/23.03.20 |
| നിർവ്വഹണം | കൃഷി ഓഫീസർ |
| ഓഡിറ്റ് എൻക്വയറി | 19/17.03.21, 36/19.03.21 |
| പദ്ധതിക്ക് അംഗീകാരം ലഭിച്ച തീയതി | 09.07.2019 |

ചെറുകിട നാമമാത്ര കർഷകർക്ക് മത്സ്യം വളർത്തുന്നതിനായുള്ള ഉല്പാദന ഉപാധികൾക്ക് സബ്സിഡി നൽകുക എന്നതാണ് ഏകവർഷ പ്രോജക്റ്റായി 2019-20ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടിയ മേൽ പദ്ധതിയുടെ ലക്ഷ്യം. ഒരു ഹെക്ടറിന് പരമാവധി 40000/- രൂപ വരെ സബ്സിഡി നൽകലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഉല്പാദന ഉപാധികളുടെ 60% ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുക 40%സബ്സിഡിയായി ലഭ്യമാക്കുക എന്ന രീതിയിൽ പൊതുവിഭാഗത്തിലെ 15ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകലാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിലും സ്ഥല പരിശോധനയിലും താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

1) ബിൽ പ്രകാരമുള്ള 40000/-രൂപ പിൻവലിച്ച് എക്സിക്യൂട്ടീവ് ഡയറക്ടർ, ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ (ADAK) തിരുവനന്തപുരം-14 ന്റെ SBIN0070568/57019287457 എന്ന അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ നിന്നും മത്സ്യക്കുഞ്ഞും തീറ്റയും വാങ്ങി വിതരണം ചെയ്തതായി തെറ്റായ രേഖകൾ ഉണ്ടാക്കി 21 കർഷകർക്ക് ആനുകൂല്യം നൽകിയതായി കാണിച്ചിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

2) ടി പദ്ധതിക്കായി ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. സ.ഉ (കൈ) നം.11/2018/ത സ്വ ഭ വ/ 29.01.2018 ഖ. (11.3) പ്രകാരമുള്ള ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പാലിച്ചിട്ടില്ല. 2019-20 ലെ ഗ്രാമസഭാ യോഗങ്ങൾ,

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി യോഗങ്ങൾ എന്നിവയിലൊന്നും മത്സ്യകൃഷിക്കായുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് സംബന്ധിച്ചോ പദ്ധതി നിർവ്വഹണം സംബന്ധിച്ചോ തീരുമാനങ്ങളോ അംഗീകാരമോ ഇല്ല. ഇതു സംബന്ധിച്ച് നൽകിയ 19/17.03.21ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ച് ലഭ്യമായിട്ടില്ലായെന്നും ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 36/19.03.21ാം നമ്പർ എൻക്വയറിക്ക് ഗുണഭോക്താക്കളെ ഫിഷറീസ് വകുപ്പ് മുഖാന്തിരമാണ് കണ്ടെത്തിയതെന്നുമുള്ള പരസ്പര വിരുദ്ധ മറുപടികളാണ് നൽകിയിട്ടുള്ളത്.

3) കൃഷി ഓഫീസറുടെ നേരിട്ടുള്ള നിർവ്വഹണത്തിനാണ് പദ്ധതി അംഗീകാരം ലഭിച്ചിട്ടുള്ളത്. കൃഷി ഓഫീസർ നൽകിയ മറുപടിയിൽ ഗുണഭോക്താക്കളെ കണ്ടെത്തിയതും പദ്ധതി നടത്തിപ്പും ഫിഷറീസ് വകുപ്പായിരുന്നെന്ന് പറയുന്നു. എന്നാൽ ടി പദ്ധതി ഫിഷറീസ് വകുപ്പിനെ ഏല്പിച്ചിട്ടില്ല.

4) ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ എന്ന സ്ഥാപനത്തിൽ നിന്നും ടി പദ്ധതിക്ക് വാങ്ങൽ നടത്തുന്നതിന് പ്രൊക്യൂയർമെന്റ് കമ്മിറ്റിയുടേയോ പഞ്ചായത്ത് കമ്മിറ്റിയുടേയോ അംഗീകാരം ലഭിച്ചതായി കാണുന്നില്ല.

5) മത്സ്യകൃഷി ആനുകൂല്യത്തിനായി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നായി 21കർഷകരിൽ നിന്നും 2018-19 വാർഷിക പദ്ധതി അപേക്ഷാഫോറത്തിൽ അപേക്ഷ ലഭ്യമാക്കിയിട്ടുണ്ട്. ടി അപേക്ഷകളിലെല്ലാം 476 എണ്ണം മത്സ്യക്കുഞ്ഞും 26kg തീറ്റയും നൽകിയിട്ടുണ്ടെന്നും പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നും കൃഷി അസിസ്റ്റന്റും കൃഷി ഓഫീസറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആർക്കും വിതരണം ചെയ്തിട്ടില്ല.

6) ലഭ്യമാക്കിയ ഫയലിനോടൊപ്പം താഴെ പറയുന്ന പ്രകാരത്തിലുള്ള അഡാക്കിന്റെ ക്യാഷ് ക്രെഡിറ്റ് ബില്ലിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ഇത് പ്രസ്തുത പദ്ധതിക്കായി വാങ്ങിയതല്ല.

| ബിൽ നം, തീയതി | ഇനം | അളവ് | നിരക്ക് | ബിൽ തുക |
|---|---|---|---|---|
| 15/(19-20) 12.03.20) | F/251.2/32/4 തീറ്റ | 541 Kg | 64/Kg | 34624 |
| 301/(19-20) തീയതി വെച്ചിട്ടില്ല. | Catla Fingerlings | 5000 എണ്ണം | 0.54 | 5400 |
| | Rohu Fingerlings | 5000 എണ്ണം | 0.54 | |

എന്നാൽ മേൽ ബിൽ പ്രകാരം വാങ്ങിയ മത്സ്യക്കുഞ്ഞുങ്ങളും തീറ്റയും സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമല്ലാതിരുന്നതിനാൽ ആയതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/17.03.21), പദ്ധതി ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെയാണ് നിർവ്വഹണം നടത്തിയതെന്നും ഫിഷറീസ് വകുപ്പിന്റെ സ്ഥാപനമായ ADAK ആണ് മത്സ്യക്കുഞ്ഞും തീറ്റയും വിതരണം ചെയ്തതെന്നും മറുപടി നൽകുകയും കൂടെ അപേക്ഷ നൽകിയ 21 വ്യക്തികളുടെ പേരും ഒപ്പും രേഖപ്പെടുത്തിയ സാക്ഷ്യപ്പെടുത്തലുകളില്ലാത്ത ഒരു വിതരണ ലിസ്റ്റ് മാത്രം ലഭ്യമാക്കുകയും ചെയ്തു. . സ്റ്റോക്കിലെടുത്തതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

7) എന്നാൽ വിതരണത്തിന്റെ ആധികാരികത ബോധ്യപ്പെടുന്നതിനായി അപേക്ഷകളിൽ ഉൾപ്പെട്ട താഴെ പറയുന്ന വ്യക്തികളുടെ മാത്രം കൃഷിയിടങ്ങളിൽ 18.03.21 ന് നടത്തിയ സ്ഥല പരിശോധനയിൽ ആർക്കും മത്സ്യക്കുഞ്ഞുങ്ങളും തീറ്റയും ലഭിച്ചിട്ടില്ല എന്ന് ബോധ്യപ്പെടുകയും പ്രസ്തുത ഗുണഭോക്താക്കൾ ആനുകൂല്യം ലഭ്യമായിട്ടില്ലായെന്ന് രേഖാമൂലം ഓഡിറ്റിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ലഭ്യമാക്കിയ വിതരണരേഖ വ്യാജമാണെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇവരുടെ അപേക്ഷാഫോറത്തിൽ ആനുകൂല്യം നൽകാതെ നൽകിയതായി കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഉല്പാദനോപാധികൾ ലഭ്യമല്ലാത്തതിനാൽ പലരും മീൻ കുളങ്ങൾ നികത്തുകയും ചെയ്തിട്ടുണ്ട്.

A. അഭയ് പി, പുഷ്പഭവൻ പേരയം പി.ഒ

B. രതീഷ് കുമാർ വി എസ്, എൻ എസ് ഹൗസ്, ചിറപതി, പനവൂർ

C. രാജയ്യൻ എസ്, രജനി ഭവൻ, കഴകുന്ന്, ചുള്ളിമാനൂർ പി.ഒ

ലഭ്യമാക്കിയ രേഖകൾ തെറ്റാണെന്നും കർഷകർക്ക് ആനുകൂല്യം ലഭ്യമായിട്ടില്ലെന്നും ബോധ്യപ്പെട്ടതിനാൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 36/19.03.21)മറുപടി നൽകിയത് ഇപ്രകാരമാണ്. ബിൽ പ്രകാരമുള്ള തുക അഡക്ക് എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ടെന്നും, ഗുണഭോക്താക്കൾക്ക് സാങ്കേതിക സഹായം നൽകിയത് ഫിഷറീസ് വകുപ്പാണെന്നും മീൻകുഞ്ഞുങ്ങളും തീറ്റയും ലഭ്യമാകുന്ന മുറക്ക് തീറ്റയും മറ്റും വിതരണം നടത്തി രേഖകൾ നൽകാമെന്ന് വാക്കാൽ അറിയിച്ചിരുന്നെന്നും മേൽ ഇനങ്ങൾ നാളിതുവരെ വിതരണം നടത്തിയിട്ടില്ല എന്നും ആയവ അഡക്കിൽ നിന്ന് വാങ്ങി വിതരണം നടത്തുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. മറുപടി അംഗീകരിക്കാവുന്നതല്ല.

7) ഇപ്രകാരം അംഗീകൃത ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കാതെ 21 കർഷകർക്ക് മത്സ്യക്കുഞ്ഞും തീറ്റയും വിതരണം നടത്തിയതായി രേഖകൾ ഹാജരാക്കി തുക ചെലവഴിച്ചത് ഗുരുതരമായ ക്രമക്കേടാണ്. ആയതിനാൽ 40000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ടി തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

8) 2019-20 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ മുഴുവൻ പദ്ധതികളിലേയും ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, വാങ്ങൽ, വിതരണം എന്നിവയിൽ അപാകതകളുണ്ട്. മാത്രമല്ല, മത്സ്യകൃഷി ഉൾപ്പെടെയുള്ള ഒരു പദ്ധതികളിലും കൃഷി വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറിംഗ് നടന്നിട്ടില്ല. 2019-20 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ മുഴുവൻ പ്രോജക്ടുകളിലും അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയോടും പഞ്ചായത്ത് കമ്മിറ്റിയോടും ശിപാർശ ചെയ്യുന്നു.

## 1-28 പട്ടിക വർഗ്ഗവിഭാഗങ്ങൾക്ക് മെഡിക്കൽ ക്യാമ്പ്

പട്ടികവർഗ്ഗസങ്കേതമായ പാണയം അഗ്രോസർവീസ് സെന്റർ കേന്ദ്രീകരിച്ച് പട്ടികവർഗ്ഗവിഭാഗങ്ങൾക്കായിമെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനായി ആവിഷ്ക്കരിച്ചിരുന്ന പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

## 1-28-1 പട്ടിക വർഗ്ഗവിഭാഗങ്ങൾക്ക് മെഡിക്കൽ ക്യാമ്പ്-അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ട് നം. | 40 |
| പേര് | പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മെഡിക്കൽ ക്യാമ്പ് |
| അടങ്കൽ | വികസനഫണ്ട്(ടി.എസ്.പി)100000 |
| ചെലവ് | ബിൽ നം. 18/26.7.2019-1000<br>31/6.9.19-500<br>36/16.10.19-500<br>45/16.12.19-500<br>52/20.1.20-500<br>59/22.2.20-500<br>67/31.3.20-500<br>66/31.3.20-500<br>80/31.3.20-94000<br>9/17.6.19-500<br>7/17.6.19-500<br>18/26.7.2019-1000 |

പട്ടികവർഗ്ഗസങ്കേതമായ പാണയം അഗ്രോസർവീസ് സെന്റർ കേന്ദ്രീകരിച്ച് പട്ടികവർഗ്ഗവിഭാഗങ്ങൾക്കായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനായി ആവിഷ്ക്കരിച്ചിരുന്ന പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റമെന്റ് പ്രകാരം ആകെ ചെലവ് 99500/- രൂപയാണ്. എന്നാൽ ബിൽ ബുക്ക് പ്രകാരം 100500 രൂപ ഈയിനത്തിൽ പിൻവലിച്ചിട്ടുണ്ട്. പദ്ധതി അടങ്കൽ 100000 രൂപമാത്രമായിരിക്കെ 100500/- രൂപ ചെലവഴിച്ചത് സംബന്ധിച്ച് വ്യക്തതയില്ല. ഇത് സംബന്ധിച്ചഓഡിറ്റ് എൻക്വയറി നം. 4 ന് സ്പിൽഓവർപ്രോജക്റ്റിന്റെ തുക കൂടി ബിൽ ബുക്ക് വഴി മാറുക.യും എന്നാൽ ബിൽ ബുക്കിൽസ്പിൽ ഓവർപ്രോജക്റ്റ് എന്ന് രേഖപ്പെടുത്താതിരിക്കുകയും ചെയ്തതിനാലാണ് ഇത്തരത്തിൽ അപാകത ഉണ്ടായതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ചെലവു തുകയുടെകൃത്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

2. 6500/- രൂപ വാഹനവാടകയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എല്ലാ യാത്രകളുംപി.എച്ച്.സി പനവൂർ മുതൽ പാണയം അഗ്രോസർവീസ് സെന്റർവരെയാണെങ്കിലും വ്യത്യസ്ത കിലോമിറ്ററുകളാണ് ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണം ചുവടെ

| യാത്ര ചെയ്തത് | ട്രിപ്പ് ഷീറ്റിൽ ദൂരം രേഖപ്പെടുത്തിയിരിക്കുന്നത് | തീയതി |
|---|---|---|
| പി.എച്ച്.സി പനവൂർ മുതൽ പാണയം അഗ്രോ സർവീസ് സെന്റർ വരെ | 20കി.മി | 11.6.2019 |
| പി.എച്ച്.സി പനവൂർ മുതൽ പാണയം അഗ്രോ സർവീസ് സെന്റർ വരെ | 28കി.മീ | 17.9.2019 |
| പി.എച്ച്.സി പനവൂർ മുതൽ പാണയം അഗ്രോ സർവീസ് സെന്റർ വരെ | 32 കി.മീ | 15.10.2019 |

ഇത് സംബന്ധിച്ച ഓഡിറ്റ്എൻക്വയറിനം. 4ന് അവശരായ ചില ഗുണഭോക്താക്കളെ ക്യാമ്പിലെത്തിക്കുന്നതിനും തിരികെ വീട്ടിലെത്തിക്കുന്നതിനും വാഹനം ഉപയോഗിച്ചിട്ടുള്ളതിനാലാണ് ട്രിപ്പ് ഷീറ്റിൽ കി.മീ വ്യത്യാസപ്പെട്ടിരിക്കുന്നതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി ട്രിപ്പ് ഷീറ്റ് പരിപാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3. ബിൽ നം. 52 ന് ആധാരമായി വച്ചിരിക്കുന്ന 14.01.2020ലെ ട്രിപ്പ് ഷീറ്റ്KL01-J-2673വാഹനത്തിൽ സ്ത്രീകളുടേയും കുട്ടികളുടേയും പ്രതിരോധ കുത്തിവെയ്പിനായി വാഹനം വാടകയ്ക്ക് എടുത്തതിന്റേതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 4 ന് ക്ലറിക്കൽ പിഴവു മൂലമാണ് ആ ദിവസം തന്നെ നടന്നപ്രതിരോധ കുത്തിവയ്പിന്റെ വാഹനവാടകയുള്ള ട്രിപ്പ്ഷീറ്റ് ഉപയോഗിച്ചതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. പ്രസ്തുതമറുപടി പരിഗണനാർഹമല്ല. ഇത്തരത്തിലുള്ള അപാകതകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-28-2 പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് മെഡിക്കൽ ക്യാമ്പ്- മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല

വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയക്ക് ലഭ്യമാക്കിയിട്ടില്ല.സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.01.2018 ഖണ്ഡിക 13 പ്രകാരം പ്രോജക്റ്റ് മോണിറ്ററിംഗ് അതാത്

പ്രോജക്റ്റുകൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുവെന്നുറപ്പുവരുത്തുന്നതിലേയ്ക്കായി പദ്ധതികൾ കൃത്യമായി മോണിറ്റർ ചെയ്യുന്നുണ്ടെന്നുറപ്പു വരുത്തേണ്ടതാണ്.

## 1-29 സാധനങ്ങളുടെ സ്റ്റോക്ക്- വിതരണ രേഖകൾ ആധികാരികമല്ല.

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്റ്റുകൾ പ്രകാരം വാങ്ങി വിതരണം ചെയ്ത സാധനങ്ങളുടെ സ്റ്റോക്ക്, വിതരണം എന്നിവ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

പ്രോജക്റ്റ് നം.32/20- ഹരിതഭവനം എന്ന പദ്ധതിക്കായി നടീൽ വസ്തുക്കൾ, കിണർ റീചാർജിംഗ് യൂണിറ്റ്, തേനീച്ചകോളനി, കോഴിക്കൂടും കുഞ്ഞുങ്ങളും എന്നിവ 24 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി കാണിച്ചിട്ടുണ്ട്.

33/20 -വാഴകൃഷി വികസനം എന്ന പദ്ധതിക്കായി നടീൽ വസ്തുക്കൾ, ജൈവവളം എന്നിവ വാങ്ങി 80കർഷകർക്ക് നൽകിയതായി കാണുന്നു.

98/20 -വാണിജ്യാടിസ്ഥാനത്തിൽ ഉള്ള പച്ചക്കറി കൃഷി എന്ന പദ്ധതിക്കായി പച്ചക്കറിതൈ, ജൈവവളം എന്നിവ 30 കർഷകർക്ക് നൽകിയതായി കാണിച്ചിട്ടുണ്ട്.

51/20- കുരുമുളക് കൃഷി പദ്ധതിപ്രകാരം 250 കർഷകർക്ക് കുരുമുളക് തൈകൾ വിതരണം ചെയ്തതായി കാണിച്ചിട്ടുണ്ട്.

കേരളാ സ്റ്റോർ പർച്ചേസ് മാന്വൽ 2013, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്ക്ൾ 147,152 എന്നിവ പ്രകാരം സാധനങ്ങൾ കൈപ്പറ്റുവാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആയവ പരിശോധിച്ച് സ്റ്റോക്കിലെടുക്കേണ്ടതും വിതരണ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കേണ്ടതുമാണ്. സ്റ്റോക്ക് രജിസ്റ്റർ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയപ്പോൾ ലഭ്യമാക്കിയ രജിസ്റ്ററിൽ സാധനങ്ങളുടെ ഇനം തിരിച്ച് രേഖപ്പെടുത്തുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ലഭ്യമാക്കിയ വിതരണ രജിസ്റ്ററിലും സാക്ഷ്യപ്പെടുത്തലുകളില്ല. ആയതിനാൽ സാധനങ്ങൾ വാങ്ങി വിതരണം ചെയ്തതിന്റെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

195/20- മത്സ്യകൃഷി എന്ന പദ്ധതി പ്രകാരം 21 കർഷകർക്ക് മത്സ്യകുഞ്ഞും തീറ്റയും വിതരണം ചെയ്തതായി വ്യാജ അക്വിറ്റൻസ് രജിസ്റ്റർ ഉണ്ടാക്കി ചെലവ് ചെയ്തതായി കാണിച്ചിട്ടുണ്ട്.

വാങ്ങൽ നടത്തുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും രജിസ്റ്ററുകൾ ആധികാരികമാക്കി സൂക്ഷിക്കേണ്ടതുമാണ്. പ്രൊക്യൂയർമെന്റ് കമ്മിറ്റിയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-30 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പരിശോധന.

പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ നം. കെ.എസ്.എ.റ്റി.വി.എം.ജി.പി.6/900/2020 തീ.21.10.20 ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച മറുപടിയും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ ലഭ്യമാക്കിയ മറുപടികളും പരിശോധിച്ചിട്ടുണ്ട്. ആയത് പുനരഭിപ്രായക്കുറിപ്പായി പ്രത്യേകം ലഭ്യമാക്കുന്നതാണ്.

## 1-31 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി |
| പ്രോജക്റ്റ് നം. | 36 |
| പേര് | പനവൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ മരുന്നുകൾ ലഭ്യമാക്കൽ |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട് (റോഡിതരം) 500000 |
| ചെലവ് | ബിൽ നം. 39/13.11.2019-500000 |

പ്രാഥമികാരോഗ്യകേന്ദ്രത്തിലേയ്ക്ക് മരുന്നുകൾ വാങ്ങുന്നതിലേയ്ക്കായി In Drug House Bank ന് മേൽ ബിൽ പ്രകാരം തുക പിൻവലിച്ച് കൈമാറിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ ക്രെഡിറ്റ് ക്യാഷ് ബില്ലുകൾ പ്രകാരം 11792/-രൂപയുടെ മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു.. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിനം. 6 ന് മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് റിപ്പോർട്ട് ചെയ്യുന്നതുവരെ 11792/-രൂപയുടെ തടസ്സം ചെയ്യുന്നു.

## 1-32 പാലിയേറ്റീവ് പരിചരണ പദ്ധതി-ചെലവിൽ വ്യക്തതയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, , പി.എച്ച്.സി |
| പ്രോജക്റ്റ് നം. | 31 |
| പേര് | പാലിയേറ്റീവ് പരിചരണ പദ്ധതി |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട് (റോഡിതരം)<br>365840<br>വികസനഫണ്ട് 300000<br>തനത് ഫണ്ട് 180000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം 300000 |
| ചെലവ് | ബിൽ നം. 1/10.4.2019-4350 |

| | | | |
|---|---|---|---|
| | | 4/30.4.2019-64885<br>8/17.6.19-15000<br>12/11.7.19-15000<br>15/26.7.19-15000<br>22/30.7.19-16296<br>24/24.8.19-20320<br>37/21.10.19-93840<br>41/13.11.19-93700<br>48/23.12.19-30720<br>50/23.12.19-300000<br>54/10.1.20-50600<br>6/15.2.20-25600<br>3/18.2.20-27179<br>77/31.3.20-49840<br>78/31.3.20-51257 | |

ലഭ്യമാക്കിയ ചെലവ് രേഖ പ്രകാരം ഈ പദ്ധതിയുടെ ആകെ ചെലവ് 873587/- രൂപയാണ്. എന്നാൽ സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം ചെലവ്804352ആണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 8ന് മുൻവർഷത്തെ സ്പിൽ ഓവർ പ്രോജക്ട് തുക കൂടി സ്പിൽഓവർ
എന്ന് കാണിക്കാതെ ബിൽബുക്ക് വഴി മാറിയതിനാലാണ് ഇങ്ങനെ തുക കൂടുതലായി ചെലവഴിച്ചതായി കാണുന്നത്. ആയത് സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തി ആശയക്കുഴപ്പം ഒഴിവാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. ആയത് സംബന്ധിച്ച് വ്യക്തത വരുത്തി കൃത്യമായ ചെലവിന്റെ വിശദാംശം സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## <u>1-33 പ്രൊക്യൂർമെന്റ് കമ്മിറ്റി - പ്രവർത്തനത്തിലെ അപാകതകൾ</u>

സ.ഉ.പി(നം) 259/2010/ത.സ്വ.ഭ.വ തീ 08.11.2010, 2013ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 എന്നിവ പ്രകാരം വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തികവർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങൽ നടത്തേണ്ടതുമാണ്. എന്നാൽ, പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ ഇത്തരത്തിലൊരു കണക്കെടുപ്പ് നടത്തിയിട്ടുള്ളതായി കാണുന്നില്ല.

വാങ്ങൽ പദ്ധതിയുടെ തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കുക, ടെണ്ടർ നടപടിക്രമങ്ങൾ കൈക്കൊള്ളുക, വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുക മുതലായവയെല്ലാം പ്രൊക്യൂർമെന്റ് ടീമിന്റെ ചുമതലയിൽപ്പെടുന്നവയാണ്. എന്നാൽ പ്രസ്തുത ചുമതലകളെല്ലാം അതത് നിർവ്വഹണോദ്യോഗസ്ഥരെ ഏല്പിക്കുന്ന രീതിയാണ് പഞ്ചായത്തിൽ തുടർന്നുവരുന്നത്.

നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## <u>1-34 കാർഷിക മേഖലയിലെ പദ്ധതി നിർവ്വഹണം- അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് നിലനിൽക്കെ പുതിയ ലിസ്റ്റ് ഉണ്ടാക്കുന്നു - ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സുതാര്യമല്ല.</u>

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകൾക്ക് ആനുകൂല്യം നൽകിയപ്പോൾ ഗ്രാമസഭ അംഗീകരിച്ച അന്തിമ ഗുണഭോക്തൃലിസ്റ്റിൽ മതിയായ ഗുണഭോക്താക്കൾ നിലനിൽക്കെ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ അഡിഷണൽ ലിസ്റ്റിൽ നിന്നും ആനുകൂല്യം നൽകുകയിട്ടുണ്ട്. പ്രസ്തുത അഡിഷണൽ ലിസ്റ്റ് 12.03.20ലെ 1/1-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ആയത് അടുത്ത ഗ്രാമസഭയിൽ വെച്ച് അംഗീകാരം നേടുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ശേഷം നടന്ന ഗ്രാമസഭാ മിനുട്സുകൾ പരിശോധിച്ചതിൽ ഇത്തരത്തിലുള്ള യാതൊരു ചർച്ചകളും നടക്കുകയോ ടി ഗുണഭോക്തൃലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം ലഭിക്കുകയോ ചെയ്തിട്ടില്ലട്ടില്ല.

| പ്രോജക്ടിന്റെ പേര് | ഗ്രാമസഭ അംഗീകരിച്ച അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ എണ്ണം | ആനുകൂല്യം നല്കിയ ഗുണഭോക്താക്കളുടെ എണ്ണം | ഗ്രാമസഭ അംഗീകരിച്ച അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ആനുകൂല്യംനൽകിയവരുടെ എണ്ണം | നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ അഡിഷണൽ ലിസ്റ്റിൽ നിന്നും ആനുകൂല്യം നൽകിയവരുടെ എണ്ണം |
|---|---|---|---|---|
| നം.32/20 ഹരിതഭവനം | 103 | 24 | 9 | 15 |
| നം.33/20 വാഴകൃഷി വികസനം | 198 | 80 | 24 | 56 |
| നം.98/20 വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി | 40 | 30 | 4 | 26 |

ഒരിക്കൽ ഗ്രാമസഭയിൽ ചർച്ച ചെയ്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് തയ്യാറാക്കിയ ലിസ്റ്റ് മാറ്റം വരുത്താൻ പാടില്ല (സർക്കുലർ നം.34704/ഡി.പി.-1/03/ത സ്വ ഭ വയം04.08.03). വാർഷിക പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നം.11/2018/ത സ്വ ഭ വ/ 29.01.2018 (11.3) അനുസരിച്ച് ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ച മുൻഗണനാലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയതിനു ശേഷം മാത്രമേ പുതിയ ലിസ്റ്റ് തയ്യാറാക്കാവൂ. തയ്യാറാക്കുന്ന മുൻഗണനാലിസ്റ്റിൽ എന്തെങ്കിലും സാഹചര്യത്തിൽ മാറ്റം ആവശ്യമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനോ ഭരണസമിതിയോ കരുതുന്നുവെങ്കിൽ അക്കാര്യം വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തിയ ശേഷം മുൻഗണനാക്രമത്തിൽ മാറ്റം വരുത്താവുന്നതാണ്. അർഹരെ ഒഴിവാക്കുന്ന സന്ദർഭത്തിൽ ഗ്രാമസഭയുടെ സാധൂകരണം തേടിയാൽ മതിയാകും. എന്നാൽ അർഹരെ കൂട്ടിച്ചേർക്കുന്നതിന് ഗ്രാമസഭയുടെ അംഗീകാരത്തോടെയാകേണ്ടതാണ്. ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിനു ശേഷം പിന്നീട് അംഗീകാരം നേടുന്നതിന് തീരുമാനിക്കുന്നതു തന്നെ ക്രമവിരുദ്ധവും സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനവുമാണ്. 2018-19 വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലും ഈ രീതി നിലനിൽക്കുന്നു.

വാർഷിക പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി ഗ്രാമസഭ അംഗീകരിച്ച മുൻഗണനാലിസ്റ്റിൽ മതിയായ ഗുണഭോക്താക്കളില്ലാത്തതിനാലാണ് അധികലിസ്റ്റ് തയ്യാറാക്കിയതെന്നാണ് ഇത് സംമ്പന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/15.03.21) മറുപടി നൽകിയിട്ടുള്ളത്. 17.06.19 ലെ 1/1ാം നമ്പർ തീരുമാനപ്രകാരം ഗണഭോക്തൃപട്ടിക നിർവ്വഹണോദ്യോഗസ്ഥന് കൈമാറിയിട്ടുണ്ട്. കാർഷിക മേഖലയിലെ പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റ് നിർവ്വഹണോദ്യോഗസ്ഥന് കൈമാറിയെങ്കിലും തുടർനടപടികൾ ആരംഭിച്ചിട്ടില്ലായെന്ന് 30.08.19 ലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തിയിട്ടുമുണ്ട്. മാത്രമല്ല, അംഗീകൃത ലിസ്റ്റിലുള്ളവർ ആനുകൂല്യം കൈപ്പറ്റുന്നില്ലെന്ന് ഉറപ്പുവരുത്തിയതിന് രേഖകളുമില്ല.

മേൽ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടേയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-35 CPRCS പോർട്ടൽ വഴി വാങ്ങൽ- പ്രിന്റർ ലഭ്യമായിട്ടില്ല-16736/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 10/19-20 |
| പ്രോജക്ടിന്റെ പേര് | പനവൂർ പഞ്ചായത്ത് ഓഫീസ്, കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ യു പി എസ്, ലേസർ പ്രിന്റർ ലഭ്യമാക്കൽ |
| അടങ്കൽ | 100000 (വികസനഫണ്ട് ജനറൽ) |
| ചെലവ് | 55320 |
| ബിൽ നം. തുക | 31/22.02.20 - 40469<br>37/27.02.20 - 14851 |
| | |

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| ഓഡിറ്റ് എൻക്വയറി | 11/12.03.21 |

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കംപ്യൂട്ടറും പ്രിന്ററും വാങ്ങുന്നതാണ് പദ്ധതി. സ.ഉ(സാധാ)നം.25/2018/ITD/01.02.2018 നിർദേശമനസരിച്ച് കേരള സ്റ്റേറ്റ് ഐ ടി മിഷനു കീഴിലുള്ള CPRCS പോർട്ടൽ വഴി വാങ്ങുന്നതിനായി ഓർഡർ നൽകുകയും 20.12.19 ൽ 40467/- രൂപയുടെ Desktop, 14851/-രൂപയുടെ Multi Function Printerഎന്നിവയുടെ പ്രഫോർമ ഇൻവോയിസ് സപ്ലൈ ഏജൻസിയായ കെൽട്രോൺ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുകകൾ ബിൽ നം.31,37 എന്നിവ പ്രകാരം കേരള സ്റ്റേറ്റ് ഐ ടി മിഷന് മുൻകൂറായി നൽകിയിട്ടുണ്ട്. ഇൻവോയിസ് നം. PYS120014993/17.08.20 പ്രകാരം 38586/-രൂപയുടെ Acer Computer ലഭ്യമാക്കിയിട്ടുണ്ടങ്കിലും നാളിതുവരെ പ്രിന്റർ കെൽട്രോണിൽ നിന്നും ലഭ്യമായിട്ടില്ല. കെൽട്രോണിന് കത്ത് നൽകിയിട്ടുണ്ടെന്നും കോവിഡ് കാരണം പ്രിന്റർ സപ്ലൈ ചെയ്യുന്നതിന് കാലതാമസം നേരിടുന്നുവെന്ന് അറിയിച്ചിട്ടുണ്ടെന്നും, പ്രസ്തുത തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.11/12.03.21) മറുപടി നൽകിയിട്ടുണ്ട്.

പ്രിന്ററിനായി അടവാക്കിയ തുകയും കംപ്യൂട്ടർ വാങ്ങിയതിൽ ബാക്കി വന്ന തുകയും ചേർത്തുള്ള 16736/-രൂപ (14851+1881) കേരള സ്റ്റേറ്റ് ഐ ടി മിഷനിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ട് ഹെഡിൽ ഒടുക്ക് വരുത്തേണ്ടതാണ്. അതുവരെ 16736/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-36 ക്രമപ്രകാരമല്ലാതെ സ്വകാര്യസ്ഥാപനത്തിനനുവദിച്ച ധനസഹായം - 7800/- രൂ നിരാകരിക്കുന്നു

22.06.19ൽ പനവൂർ HI ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന വയോജനങ്ങൾക്കുള്ള കണ്ണട വിതരണപദ്ധതിക്കുള്ള റിഫ്രഷ്മെൻറ് ചാർജ്ജായി വൗച്ചർ നം 21900234/02.07.19 മുഖേന 4000/- രൂപയും ടി പരിപാടിക്ക് മൈക്ക്സെറ്റ് അനുവദിച്ച വകയിൽ വൗച്ചർ നം 21900265/19.07.19 പ്രകാരം 3000/- രൂപയും അനുവദിച്ചിട്ടുണ്ട്.

PHC മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ "വയോസൗഹൃദഗ്രാമം" എന്ന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പരിപാടി എന്ന് നോട്ടീസിൽ കാണിച്ചാണ് തനതുഫണ്ടിൽ നിന്നും തുക ചെലവാക്കിയിട്ടുള്ളത്. എന്നാൽ വയോസൗഹൃദഗ്രാമം എന്ന പദ്ധതിയിൽ വയോജനങ്ങൾക്ക് കണ്ണട വിതരണം എന്ന ഇനം 2019-20ൽ ഉൾപ്പെട്ടിട്ടില്ല. അൽ ഹിബ എന്ന സ്വകാര്യ ആശുപത്രി നടത്തിയ സൗജന്യനേത്രപരിശോധനക്യാമ്പിന്റെ വിവരങ്ങളാണ് വൗച്ചറിനോടൊപ്പം ലഭ്യമാക്കിയിട്ടുള്ളത്. ഇതോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പദ്ധതി 2018-19ലേതാണെന്നും അന്നത്തെ പരിപാടിയുടെ തുക ഇപ്പോൾ നൽകിയതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. 6/2019ൽ നേത്രപരിശോധനയും 2018ൽ കണ്ണട വിതരണവും നടത്തി എന്ന വാദം അംഗീകരിക്കാവുന്നതല്ല. ആനുകൂല്യം വിതരണം നടത്തിയതിനുള്ള രേഖകൾ ഹാജരാക്കാനും സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല.

ഇക്കാരണങ്ങളാൽ പ്രസ്തുത ഇനത്തിലെ ചെലവായ 7800/-രൂ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ തെരുവ് വിളക്കുകളുടെ പരിപാലനം നടക്കുന്നില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166 വകുപ്പ് (1)-ാം ഉപവകുപ്പ് 3-ാംപട്ടിക പ്രകാരം തെരുവുവിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുന്നത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. എന്നാൽ പനവൂർ ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കുകളുടെ മെയിന്റനൻസ് നടക്കുന്നില്ല.

തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി സ്പിൽ ഓവറായി 300000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും അടങ്കൽ വെച്ച് പദ്ധതി തയ്യാറാക്കിയെങ്കിലും നിർവ്വഹണം നടന്നിട്ടില്ല. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ടി പദ്ധതിയുടെ നിർവ്വഹണത്തിനായി ടെണ്ടർ വിളിച്ചതു പ്രകാരം ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. മാത്യു ജോസഫിന്റെ ടെണ്ടർ അംഗീകരിക്കുകയും( 14.11.19 ലെ 1(1) ാം നമ്പർ കമ്മിറ്റി) 30.11.19 ടിയാൻ പഞ്ചായത്തുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടിയാൻ കേടായ തെരുവ് വിളക്കുകളുടെ നവീകരണം നടത്തി പ്രവർത്തനയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്ത സാഹചര്യത്തിൽ 25.01.20ന് ടിയാന് കത്ത് നൽകിയെങ്കിലും പ്രവർത്തനം തുടങ്ങാത്തതിനാൽ ശ്രീ. മാത്യു ജോസഫിന്റെ കരാർ 10.02.20ലെ 1(2)ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം റദ്ദു ചെയ്തിട്ടുണ്ട്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി തെരുവുവിളക്കുകൾ കത്താതെ കിടക്കുന്നത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായും ഇത് സംബന്ധിച്ച് നിരവധി പരാതികൾ ലഭിക്കുന്നതായും പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച

ചെയ്തിട്ടുണ്ട്. നിലവിൽ തെരുവ് വിളക്ക് പരിപാലനം പഞ്ചായത്തിൽ നടക്കുന്നില്ല. തെരുവ് വിളക്കുകളുടെ വാർഷിക നവീകരണത്തിനായി കരാറിൽ ഏർപ്പെട്ട ഏജൻസി പ്രവർത്തി നടത്താത്തതിനാൽ കരാർ റദ്ദ് ചെയ്തെന്നും നിലവിൽ വാർഷിക മെയിന്റനൻസ് നടക്കുന്നില്ലെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/12.03.20, 18/15.03.20) മറുപടി നൽകിയിട്ടുണ്ട്.

പഞ്ചായത്ത് ഡയറക്ടറുടെ ജി2-44274/15,തീ.17.08.15 തെരുവുവിളക്ക് പരിപാലന പൊതു മാർഗ്ഗരേഖ പാലിച്ചുകൊണ്ട് തെരുവുവിളക്കുകളുടെ മെയിന്റനൻസും സൂക്ഷിപ്പും നടത്തേണ്ടതും പഞ്ചായത്തിന്റെ അനിവാര്യ ചുമതല നിർവ്വഹിക്കേണ്ടതുമാണ്.

V

**1-38 സമഗ്ര കന്ന്കുട്ടി പരിപാലനപദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല- 325000/-രൂപ തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 174/20 (Spill Over) |
| പ്രോജക്ടിന്റെ പേര് | സമഗ്ര കന്ന്കുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 700000 (325000 (വികസനഫണ്ട് ജനറൽ, 375000 മറ്റുള്ളവ) |
| ചെലവ് | 325000 (വികസനഫണ്ട് ജനറൽ) |
| ബിൽ നം. തുക | 01/02.07.19 |
| നിർവ്വഹണം | വെറ്റിനറി സർജൻ |
| എൻക്വയറി നം. | 32/17.03.21 |

സമഗ്ര കന്ന്കുട്ടി പരിപാലന പരിപാടിയുടെ ഭാഗമായി 50% ഗ്രാമപഞ്ചായത്ത് വിഹിതം നൽകുന്ന മേൽ പദ്ധതി പ്രകാരം 325000/-രൂപ ഡെപ്യൂട്ടി ഡയറക്ടർ, എസ് എൽ ബി പി, തിരുവനന്തപുരം ന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണപത്രം, തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയവ ലഭ്യമാക്കുന്നതുവരെ 325000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## 3-1 ക്രമപ്രകാരമല്ലാതെ സ്വകാര്യസ്ഥാപനത്തിനനുവദിച്ച ധനസഹായം - 7800/- രൂ നിരാകരിക്കുന്നു

ക്രമപ്രകാരമല്ലാതെ സ്വകാര്യസ്ഥാപനത്തിനനുവദിച്ച ധനസഹായം - 7800/- രൂ നിരാകരിക്കുന്നു

22.06.19ൽ പനവൂർ HI ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന വയോജനങ്ങൾക്കുള്ള കണ്ണട വിതരണപദ്ധതിക്കുള്ള റിഫ്രഷ്മെൻറ് ചാർജ്ജായി വൗച്ചർ നം 21900234/02.07.19 മുഖേന 4000/- രൂപയും ടി പരിപാടിക്ക് മൈക്ക്സെറ്റ് അനുവദിച്ച വകയിൽ വൗച്ചർ നം 21900265/19.07.19 പ്രകാരം 3000/- രൂപയും അനുവദിച്ചിട്ടുണ്ട്.

PHC മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ "വയോസൗഹൃദഗ്രാമം" എന്ന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പരിപാടി എന്ന് നോട്ടീസിൽ കാണിച്ചാണ് തനതുഫണ്ടിൽ നിന്നും തുക ചെലവാക്കിയിട്ടുള്ളത്. എന്നാൽ വയോസൗഹൃദഗ്രാമം എന്ന പദ്ധതിയിൽ വയോജനങ്ങൾക്ക് കണ്ണട വിതരണം എന്ന ഇനം 2019-20ൽ ഉൾപ്പെട്ടിട്ടില്ല. അൽ ഹിബ എന്ന സ്വകാര്യ ആശുപത്രി നടത്തിയ സൗജന്യനേത്രപരിശോധനക്യാമ്പിന്റെ വിവരങ്ങളാണ് വൗച്ചറിനോടൊപ്പം ലഭ്യമാക്കിയിട്ടുള്ളത്. ഇതോടനുബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പദ്ധതി 2018-19ലേതാണെന്നും അന്നത്തെ പരിപാടിയുടെ തുക ഇപ്പോൾ നൽകിയതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. 6/2019ൽ നേത്രപരിശോധനയും 2018ൽ കണ്ണട വിതരണവും നടത്തി എന്ന വാദം അംഗീകരിക്കാവുന്നതല്ല. ആനുകൂല്യം വിതരണം നടത്തിയതിനുള്ള രേഖകൾ ഹാജരാക്കാനും സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല.

ഇക്കാരണങ്ങളാൽ പ്രസ്തുത ഇനത്തിലെ ചെലവായ 7800/-രൂ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 മത്സ്യകൃഷി - ആനുകൂല്യം നൽകിയതായ തെറ്റായ ചെലവ് രേഖകളുണ്ടാക്കി- ആനുകൂല്യം നൽകിയിട്ടില്ല- 40000/-രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 195/20 |
| പ്രോജക്ടിന്റെ പേര് | മത്സ്യകൃഷി |
| അടങ്കൽ | 40000 (വികസനഫണ്ട്) |
| ചെലവ് | 40000 |
| ബിൽ നം. | 20/23.03.20 |
| നിർവ്വഹണം | കൃഷി ഓഫീസർ |
| ഓഡിറ്റ് എൻക്വയറി | 19/17.03.21, 36/19.03.21 |
| പദ്ധതിക്ക് അംഗീകാരം ലഭിച്ച തീയതി | 09.07.2019 |

ചെറുകിട നാമമാത്ര കർഷകർക്ക് മത്സ്യം വളർത്തുന്നതിനായുള്ള ഉല്പാദന ഉപാധികൾക്ക് സബ്സിഡി നൽകുക എന്നതാണ് ഏകവർഷ പ്രോജക്ടായി 2019-20ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടിയ മേൽ പദ്ധതിയുടെ ലക്ഷ്യം. ഒരു ഹെക്ടറിന് പരമാവധി 40000/- രൂപ വരെ സബ്സിഡി നൽകലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഉല്പാദന ഉപാധികളുടെ 60% ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുക 40%സബ്സിഡിയായി ലഭ്യമാക്കുക എന്ന രീതിയിൽ പൊതുവിഭാഗത്തിലെ 15ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകലാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിലും സ്ഥല പരിശോധനയിലും താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

1) ബിൽ പ്രകാരമുള്ള 40000/-രൂപ പിൻവലിച്ച് എക്സിക്യൂട്ടീവ് ഡയറക്ടർ, ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ (ADAK) തിരുവനന്തപുരം-14 ന്റെ SBIN0070568/57019287457 എന്ന അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ നിന്നും മത്സ്യക്കുഞ്ഞും തീറ്റയും വാങ്ങി വിതരണം ചെയ്തതായി തെറ്റായ രേഖകൾ ഉണ്ടാക്കി 21 കർഷകർക്ക് ആനുകൂല്യം നൽകിയതായി കാണിച്ചിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

2) ടി പദ്ധതിക്കായി ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. സ.ഉ (കൈ) നം.11/2018/ത സ്വ ഭ വ/ 29.01.2018 ഖ. (11.3) പ്രകാരമുള്ള ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പാലിച്ചിട്ടില്ല. 2019-20 ലെ ഗ്രാമസഭാ യോഗങ്ങൾ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി യോഗങ്ങൾ എന്നിവയിലൊന്നും മത്സ്യകൃഷിക്കായുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് സംബന്ധിച്ചോ പദ്ധതി നിർവ്വഹണം സംബന്ധിച്ചോ തീരുമാനങ്ങളോ

അംഗീകാരമോ ഇല്ല. ഇതു സംബന്ധിച്ച് നൽകിയ 19/17.03.21ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ച് ലഭ്യമായിട്ടില്ലായെന്നും ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 36/19.03.21ാം നമ്പർ എൻക്വയറിക്ക് ഗുണഭോക്താക്കളെ ഫിഷറീസ് വകുപ്പ് മുഖാന്തിരമാണ് കണ്ടെത്തിയതെന്നുമുള്ള പരസ്പര വിരുദ്ധ മറുപടികളാണ് നൽകിയിട്ടുള്ളത്.

3) കൃഷി ഓഫീസറുടെ നേരിട്ടുള്ള നിർവ്വഹണത്തിനാണ് പദ്ധതി അംഗീകാരം ലഭിച്ചിട്ടുള്ളത്. കൃഷി ഓഫീസർ നൽകിയ മറുപടിയിൽ ഗുണഭോക്താക്കളെ കണ്ടെത്തിയതും പദ്ധതി നടത്തിപ്പും ഫിഷറീസ് വകുപ്പായിരുന്നെന്ന് പറയുന്നു. എന്നാൽ ടി പദ്ധതി ഫിഷറീസ് വകുപ്പിനെ ഏല്പിച്ചിട്ടില്ല.

4) ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ എന്ന സ്ഥാപനത്തിൽ നിന്നും ടി പദ്ധതിക്ക് വാങ്ങൽ നടത്തുന്നതിന് പ്രൊക്യൂയർമെന്റ് കമ്മിറ്റിയുടേയോ പഞ്ചായത്ത് കമ്മിറ്റിയുടേയോ അംഗീകാരം ലഭിച്ചതായി കാണുന്നില്ല.

5) മത്സ്യകൃഷി ആനുകൂല്യത്തിനായി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നായി 21കർഷകരിൽ നിന്നും 2018-19 വാർഷിക പദ്ധതി അപേക്ഷാഫോറത്തിൽ അപേക്ഷ ലഭ്യമാക്കിയിട്ടുണ്ട്. ടി അപേക്ഷകളിലെല്ലാം 476 എണ്ണം മത്സ്യക്കുഞ്ഞും 26kg തീറ്റയും നൽകിയിട്ടുണ്ടെന്നും പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നും കൃഷി അസിസ്റ്റന്റും കൃഷി ഓഫീസറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആർക്കും വിതരണം ചെയ്തിട്ടില്ല.

6) ലഭ്യമാക്കിയ ഫയലിനോടൊപ്പം താഴെ പറയുന്ന പ്രകാരത്തിലുള്ള അഡാക്കിന്റെ ക്യാഷ് ക്രെഡിറ്റ് ബില്ലിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ഇത് പ്രസ്തുത പദ്ധതിക്കായി വാങ്ങിയതല്ല.

| ബിൽ നം, തീയതി | ഇനം | അളവ് | നിരക്ക് | ബിൽ തുക |
|---|---|---|---|---|
| 15/(19-20) 12.03.20) | F/251.2/32/4 തീറ്റ | 541 Kg | 64/Kg | 34624 |
| 301/(19-20) തീയതി വെച്ചിട്ടില്ല. | Catla Fingerlings | 5000 എണ്ണം | 0.54 | 5400 |
| | Rohu Fingerlings | 5000 എണ്ണം | 0.54 | |

എന്നാൽ മേൽ ബിൽ പ്രകാരം വാങ്ങിയ മത്സ്യക്കുഞ്ഞുങ്ങളും തീറ്റയും സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമല്ലാതിരുന്നതിനാൽ ആയതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/17.03.21), പദ്ധതി ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെയാണ് നിർവ്വഹണം നടത്തിയതെന്നും ഫിഷറീസ് വകുപ്പിന്റെ സ്ഥാപനമായ ADAK ആണ് മത്സ്യക്കുഞ്ഞും തീറ്റയും വിതരണം ചെയ്തതെന്നും മറുപടി നൽകുകയും കൂടെ അപേക്ഷ നൽകിയ 21 വ്യക്തികളുടെ പേരും ഒപ്പും രേഖപ്പെടുത്തിയ സാക്ഷ്യപ്പെടുത്തലുകളില്ലാത്ത് ഒരു വിതരണ ലിസ്റ്റ് മാത്രം ലഭ്യമാക്കുകയും ചെയ്തു. രേഖപ്പെടുത്തിയ ഒപ്പുകൾ വ്യാജമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. സ്റ്റോക്കിലെടുത്തതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

7) എന്നാൽ വിതരണത്തിന്റെ ആധികാരികത ബോധ്യപ്പെടുന്നതിനായി അപേക്ഷകളിൽ ഉൾപ്പെട്ട താഴെ പറയുന്ന വ്യക്തികളുടെ മാത്രം കൃഷിയിടങ്ങളിൽ 18.03.21 ന് നടത്തിയ സ്ഥല പരിശോധനയിൽ ആർക്കും മത്സ്യക്കുഞ്ഞുങ്ങളും തീറ്റയും ലഭിച്ചിട്ടില്ല എന്ന് ബോധ്യപ്പെടുകയും പ്രസ്തുത ഗുണഭോക്താക്കൾ ആനുകൂല്യം ലഭ്യമായിട്ടില്ലായെന്ന് രേഖാമൂലം ഓഡിറ്റിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ലഭ്യമാക്കിയ വിതരണരേഖ വ്യാജമാണെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇവരുടെ അപേക്ഷാഫോറത്തിൽ ആനുകൂല്യം നൽകാതെ നൽകിയതായി കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഉല്പാദനോപാധികൾ ലഭ്യമാല്ലാത്തതിനാൽ പലരും മീൻ കുളങ്ങൾ നികത്തുകയും ചെയ്തിട്ടുണ്ട്.

A. അഭയ് പി, പുഷ്പഭവൻ പേരയം പി.ഒ

B. രതീഷ് കുമാർ വി എസ്, എൻ എസ് ഹൗസ്, ചിറപതി, പനവൂർ

C. രാജയ്യൻ എസ്, രജനി ഭവൻ, കഴകുന്ന്, ചുള്ളിമാനൂർ പി.ഒ

ലഭ്യമാക്കിയ രേഖകൾ തെറ്റാണെന്നും കർഷകർക്ക് ആനുകൂല്യം ലഭ്യമായിട്ടില്ലെന്നും ബോധ്യപ്പട്ടതിനാൽ വിശദീകരണം ആവശ്യപ്പട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 36/19.03.21)മറുപടി നൽകിയത് ഇപ്രകാരമാണ്. ബിൽ പ്രകാരമുള്ള തുക അഡക്ക് എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ടെന്നും, ഗുണഭോക്താക്കൾക്ക് സാങ്കേതിക സഹായം നൽകിയത് ഫിഷറീസ് വകുപ്പാണെന്നും മീൻകുഞ്ഞുങ്ങളും തീറ്റയും ലഭ്യമാകുന്ന മുറക്ക് തീറ്റയും

മറ്റും വിതരണം നടത്തി രേഖകൾ നൽകാമെന്ന് വാക്കാൽ അറിയിച്ചിരുന്നെന്നും മേൽ ഇനങ്ങൾ നാളിതുവരെ വിതരണം നടത്തിയിട്ടില്ല എന്നും ആയവ അഡക്കിൽ നിന്ന് വാങ്ങി വിതരണം നടത്തുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. മറുപടി അംഗീകരിക്കാവുന്നതല്ല.

7) ഇപ്രകാരം അംഗീകൃത ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കാതെ 21 കർഷകർക്ക് മത്സ്യക്കുഞ്ഞും തീറ്റയും വിതരണം നടത്തിയതായി തെറ്റായ രേഖകളുണ്ടാക്കി തുക ചെലവഴിച്ചതായി കാണിച്ചത് ഗുരുതരമായ ക്രമക്കേടാണ്. ആയതിനാൽ 40000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ടി തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

8) 2019-20 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ മുഴവൻ പദ്ധതികളിലേയും ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, വാങ്ങൽ, വിതരണം എന്നിവയിൽ അപാകതകളുണ്ട്. മാത്രമല്ല, മത്സ്യകൃഷി ഉൾപ്പെടെയുള്ള ഒരു പദ്ധതികളിലും കൃഷി വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറിംഗ് നടന്നിട്ടില്ല. 2019-20 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ മുഴവൻ പ്രോജക്ടുകളിലും അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയോടും പഞ്ചായത്ത് കമ്മിറ്റിയോടും ശിപാർ ചെയ്യുന്നു.

## 3-3 എം ബുക്കിൽ തെറ്റായ അളവുകൾ രേഖപ്പെടുത്തി തുക അനുവദിച്ചു.നഷ്ടം-49779/-

1.പദ്ധതിയുടെ പേര് -മുളമൂട് കൊന്നമൂട് റോഡ് നവീകരണം

പദ്ധതി നം - 125/20

അടങ്കൽ -790048/-(മെയിന്റനൻസ് റോഡ്)

ചെലവ് -667593/-

നിർവഹണം -അസിസ്റ്റന്റ്എഞ്ചിനീയർ.

കരാറുകാരൻ- -രവി.എസ്സ്

ബിൽ നം -6/2019-20.തീ.29/04/19

എം ബുക്ക് നം -256/2018-19&257/2018-19

DSR 2016-Cost Index-44.12%-Item Rate Contract.

ഈ പ്രവൃത്തിയിൽ ഓടനിർമ്മാണത്തിനായി 10 മീറ്റർ നീളത്തിൽ 17 റീച്ചുകളും 8.80 മീറ്റർ നീളത്തിലുള്ള ഒരു റീച്ചും 7.2 മീറ്റർ നീളത്തിലുള്ള ഒരു റീച്ചും 85 സെ.മീ വീതിയിൽ ശരാശരി 50-60 സെ.മീ താഴ്ചയിൽ എർത്ത് വർക്ക് ചെയ്തിട്ടുണ്ട് (MoRD Item No11.1.1.1.Earth Work Escavation).എന്നാൽ തുടർന്ന് വരുന്ന പ്രവൃത്തികളായ M10, M15, M20 എന്നിവയ്ക്ക് 10 മീറ്റർ നീളമുള്ള 18 റീച്ചുകൾക്ക് അളവ് കണക്കാക്കി തുക നൽകിയിരിക്കുന്നു.ഇതിൽ എർത്ത് വർക്ക് ചെയ്യാത്ത 10 മീറ്റർ നീളമുള്ള ഒരു റീച്ചിന് M10,M15, M20 എന്നിവയ്ക്ക് തുക നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല.വിവരം ചുവടെ ചേർക്കുന്നു.

A.ഇനം നം 2.2. M10 1;3;6 OD

| | |
|---|---|
| ആകെ ചെയ്തിരിക്കുന്നയായി രേഖപ്പെടുത്തിയിരിക്കുന്ന അളവ്- | 16.512m3(എം ബുക്ക് നം256പേജ് നം 6-10) |
| നൽകിയ തുക | 16.512m3@6920/- =114263/-(എം ബുക്ക് നം257പേജ് നം 1) |
| | |
| അനുവദനീയമല്ലാത്ത അളവും നൽകിയ തുകയും | 1x10x0.84x0.10=0.840m3<br>0.840m3@6920/M3=5812 |

B.ഇനം നം 2.3. M15 1;2.5;5 (11.4.2.1)

| | |
|---|---|
| ആകെ ചെയ്തിരിക്കുന്നയായി രേഖപ്പെടുത്തിയിരിക്കുന്ന അളവ്- | 32.232m3(എം ബുക്ക് നം256പേജ് നം 11-17) |
| നൽകിയ തുക | 32.232m3@6520/- =210152/-(എം ബുക്ക് |

| | |
|---|---|
| | നം257പേജ് നം 2) |
| അനവദനീയമല്ലാത്ത അളവ്വും നൽകിയ തുകയും | 1x10x0.15x0.55=0.826m3<br>1x10x0.20x0.55=1.10m3<br>=1.926m3@6520/M3=12557 |

C.ഇനം നം 2.4. M20 1;2.;4 (OD-Wearing Coat)

| | |
|---|---|
| ആകെ ചെയ്തിരിക്കുന്നയായി രേഖപ്പെടുത്തിയിരിക്കുന്ന അളവ്- | 4.818m3(എം ബുക്ക് നം256പേജ് നം 18-21) |
| നൽകിയ തുക | 4.730m3@6955/-=32897/-(എം ബുക്ക് നം257പേജ് നം 2) |
| അനവദനീയമല്ലാത്ത അളവ് | 1x10x0.49x0.05=0.245m3 |
| നൽകേണ്ടിയിരുന്ന തുക | 4.573m3@6955/-M3=31805/-<br>(4.818-0.245) |
| അധികം നൽകിയ തുക | (32897-31805)=1092/- |

ഈ പ്രവൃത്തിയിൽ ആകെ നഷ്ടംവന്ന തുക 19461/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.ടി അപാകത ഓഡിറ്റ് എൻക്വയറി നം 28 പ്രകാരം നിർവഹണ ഉദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ട്.എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല.

2.പദ്ധതിയുടെ പേര് -ചുമടുതാങ്ങി പാലുവള്ളി റോഡ് സൈഡ് വാൾ

നിർമ്മാണം

പദ്ധതി നം - 122/20

അടങ്കൽ -500000/-(മെയിന്റനൻസ് റോഡ്)

ചെലവ് -417331/-

നിർവഹണം -അസിസ്റ്റന്റ്എഞ്ചിനീയർ.

കരാറുകാരൻ- -രതീഷ്.എസ്സ്.എസ്സ്

ബിൽ നം -14/2019-20.തീ.29/04/19

എം ബുക്ക് നം -316/2018-19

DSR 2016-Cost Index-44.12%-Item Rate Contract.

ഈ പ്രവൃത്തിയിൽ സൈഡ് വാൾ നിർമ്മാണത്തിനായി ഇനം നം 1 ആയി 55.7 മീറ്റർ നീളത്തിൽ എർത്ത് വർക്ക് ചെയ്തിട്ടുണ്ട്. ഇനം നം 2 ആയി M10 1;3;6 സിമന്റ് കോൺക്രീറ്റും 30 സെ.മീ.കനത്തിൽ 55.7മീറ്റർ നീളത്തിൽത്തന്നെ നിർവഹിച്ചിട്ടുണ്ട്. എന്നാൽ ഇനം നം 3ആയി M10 ഉപയോഗിച്ചുള്ള സൈഡ് വാൾ നിർമ്മാണത്തിൽ ടി പ്രവൃത്തി 66.7 മീറ്റർ നീളത്തിൽ ചെയ്തതായി എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു.എർത്ത് വർക്ക് ഫൗണ്ടേഷൻ എന്നിവയുടെ നീളത്തെക്കാൾ 11 മീറ്റർ കൂടുതലായി (1x11x(0.40+0.30)/2x(1.3+1.2)/2=4.812m3) സൈഡ് വാൾ ചെയ്തതായി എം ബുക്കിൽ രേഖപ്പെടുത്തി പ്രസ്തുത ഇനത്തിന് തുക അനുവദിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

| | |
|---|---|
| ഈ ഇനത്തിന് എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന ആകെ അളവ് | 46.185m3 (എം ബുക്ക് പേജ് നം 8-10) |
| ഈ ഇനത്തിന് നൽകിയ തുക | 46.08m3@6441/M3=296801/-(എം ബുക്ക് പേജ് നം -16) |
| ഈ ഇനത്തിന് നൽകേണ്ടിയിരുന്ന തുക | 41.373m3@6441/M3=266483/- |
| അധികം നൽകിയ തുക | 30318/- |

ഈ പ്രവൃത്തിയിൽ ആകെ നഷ്ടംവന്ന തുക 30318/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.ടി അപാകത ഓഡിറ്റ് എൻക്വയറി നം 29 പ്രകാരം നിർവഹണ ഉദ്യോഗസ്ഥനെ

അറിയിച്ചിട്ടുണ്ട്.എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-4 വാറ്റ് ഇനത്തിൽ കുറവ് ചെയ്യേണ്ട തുക കുറവ് ചെയ്യാതെ തുക അനുവദിച്ചതിലൂടെ കൺവീനർക്ക് അധിക ആനുകൂല്യം നല്കി-നഷ്ടം7812/-രൂ

സർക്കാർ ഉത്തരവ് (പി) നം30/2016ധന.തീയതി29/02/2016പ്രകാരം ഗുണഭോക്തൃസമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് അനുവദിക്കാമെന്നും എന്നാൽ വർക്ക്ബില്ലുകളിൽ നിന്നും ഈടാക്കുന്ന അനുവദനീയമായ നികുതികൾ ഗുണഭോക്തൃസമിതി തന്നെ വഹിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്.

മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് കൂടെ ഉൾപ്പെട്ട നിരക്കാണ് PRICE Software ൽ വിഭാവനം ചെയ്തിരിക്കുന്നത്.ഈ സമയത്ത് 5% VAT ആണ് നിലവിലുണ്ടായിരുന്നത്.01.01.2017മുതൽ VAT പകരം GST വന്നതിനാൽ 5% VAT ഒടുക്കേണ്ടതില്ല. ആയതിനാൽ VAT നിലവിലില്ലാത്ത സാഹചര്യത്തിലും കൺവീനർമാർ ജി.എസ്.റ്റി.ഒടുക്കു വരുത്താത്ത സാഹചര്യത്തിലും 5% തുക കുറവ് ചെയ്ത് ബില്ല് നൽകിയാൽ മതിയാവുന്നതാണെന്നും ഉത്തരവ് നം ഡിബി 9058/17സി.ഇ/ത.സ്വ.ഭ.വ.തീയതി16.03.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് നിർവഹിച്ച പേരയം ഗവൺമെന്റ് യു.പി.എസ്സ് ക്ലാസ്സ് റൂം പൂർത്തീകരണം(പദ്ധതി നം 171/20) എന്ന പ്രവൃത്തിയിൽ ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും 5% തുക കുറവ് ചെയ്യാത്തതിനാൽ കൺവീനർക്ക് അധിക ആനുകൂല്യം നൽകാൻ ഇടവന്നു.

പദ്ധതിയുടെ പേര് -പേരയം ഗവൺമെന്റ് യു.പി.എസ്സ് ക്ലാസ്സ് റൂം

പൂർത്തീകരണം

പദ്ധതി നം - 171/20

അടങ്കൽ -175000/-

ചെലവ് -156247/-

നിർവഹണം -അസിസ്റ്റന്റ്എഞ്ചിനീയർ.

കൺവീനർ- -ബിന്ദു.എസ്സ്

ബിൽ നം -23/2019-20.തീ.07/11/20

എം ബുക്ക് നം -158/2019-20

ഈടാക്കേണ്ടിയിരുന്ന തുക=5% Of 156247/=7812/-

ടി അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.39 തീയതി-19/03/2021 ന് മറുപടി ലഭ്യമാക്കിയില്ല.ടി നഷ്ടതുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 10200 | കേദാരം നെൽകൃഷി | 10200 | 0 |
| | | 163875 | സ്നേഹസ്പർശം | 163875 | 0 |
| | | 50000 | M N ലക്ഷംവീട് നവീകരണം | 50000 | 0 |
| | | 5000000 | ലൈഫ് | 5000000 | 0 |
| ബ്ളോക്ക് | 2019- | 162650 | ക്ഷീരസമൃദ്ധി | 162650 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | 20 | 336000 | ജലശ്രീ | 336000 | 0 |
| | | 163875 | സ്നേഹസ്പർശം | 163875 | 0 |
| | | 300000 | പാലിയേറ്റീവ് കെയർ | 300000 | 0 |
| | | 115750 | വയോസൗഹൃദ ഗ്രാമം | 115750 | 0 |
| | | 2851000 | ലൈഫ് | 2851000 | 0 |
| | | 394589 | പനവൂർ പാറയടി റോഡ് | 394589 | 0 |
| | | 900000 | ലൈഫ് SC | 900000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 121 പൈപ്പ് ലൈൻ നീട്ടൽ എസ് സി കോളനി | 1202000 | | 1202000 |
| കേരള വാട്ടർ അതോറിറ്റി | 187 എസ് റ്റി കോളനി പൈപ്പ് ലൈൻ നീട്ടൽ | 413000 | | 413000 |
| കേരള വാട്ടർ അതോറിറ്റി | 34/19 കുടിവെള്ളവിതരണം | 1000000 | | 1000000 |
| കേരള വാട്ടർ അതോറിറ്റി | 71/19 DWSS എസ് സി കോളനി | 1700000 | | 1700000 |
| കേരള വാട്ടർ അതോറിറ്റി | 75/19 വാട്ടർ സപ്ളൈ സ്കീം എസ് റ്റി സങ്കേതം | 450000 | | 450000 |
| ആകെ | | 7165000 | | 7165000 |
| കെ.എസ്.ഇ.ബി | 8071/2018 പോസ്റ്റ് മാറ്റി വയ്ക്കൽ | 80127 | | 80127 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | യുണ്ടായിരുന്ന തുക | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ.എം. എസ് ഭവന പദ്ധതി | വിവരം ലഭ്യമാക്കിയില്ല | | 1374300 | 1374300 | | 0 |
| ലൈഫ് ഭവനപദ്ധതി | വിവരം ലഭ്യമാക്കിയില്ല | | 63560000 | 4367647 | | 59192353 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| സർട്ടിഫിക്കറ്റ് നമ്പർ. | നിക്ഷേപ തുക | മെച്യൂരിറ്റി തീയതി | ലഭിച്ച പലിശ | നിക്ഷേപിച്ചിരിക്കുന്ന സ്ഥാപനം |
|---|---|---|---|---|
| ഇല്ല | | | | |

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യാഗപ്പേരും | രസീത് നം / തീയതി |
|---|---|---|---|---|---|
| 1 | 2004-05 | 3-1-4 | 980 | സജീവ് ലാൽ സെക്രട്ടറി | 119100100621 തീ 20.06.2019 |
| 2 | 2005-06 | 3-4 | 2094 | സജീവ് ലാൽ സെക്രട്ടറി | 119100100621തീ 20.06.2019 |
| 3 | 2010-11 | 2-1 | 150 | സഫീന എസ് | 119100100594 തീ 17.06.2019 |
| 4 | 2010-11 | 2-1 | 250 | മുഹമ്മദ് ഷെരീഫ്, സെക്രട്ടറി | 119100100593 തീ 17.06.2019 |
| 5 | 2012-13 | 3-2 | 32575 | സജ്ന സെയ്ദ്, അസിസ്റ്റന്റ് എഞ്ചിനിയർ | 120100100341 തീ 24.06.2020 |

## 4-7 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 97802606 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 95942761 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 105391 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 353528 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | | ഉദ്യോഗപ്പേരും |
|---|---|---|
| 1-36 | 7800 | ശ്രീമതി ബെറ്റി ജെ ടിസ, സെക്രട്ടറി |
| 1-19 | 49779 | ശ്രീ. സുരേഷ് കെ ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-20 | 7812 | ശ്രീ. സുരേഷ് കെ ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-27 | 40000 | ശ്രീ.ഷൈസ് എസ്, കൃഷി ഓഫീസർ |
| ആകെ | 105391 | |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-35 | 16736 | ശ്രീമതി ബെറ്റി ജെ ടിസ, സെക്രട്ടറി |
| 1-38 | 325000 | ഡോ. കീർത്തി എ ജെ, വെറ്ററിനറി സർജൻ |
| 1-32 | 11792 | ഡോ. പ്രീത , മെഡിക്കൽ ഓഫീസർ |
| ആകെ | 353528 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ (ഖ 1.29)

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി ബെറ്റി ജെ ടിസ, സെക്രട്ടറി | സെക്രട്ടറി, പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് | |
| 2 | ശ്രീ. സുരേഷ് കെ ജി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊച്ചിൻ കോർപ്പറേഷൻ | സുരേഷ് ഭവൻ, കൊല്ലോട് പി.ഒ, മലയിൻകീഴ് |
| 3 | ശ്രീ.ഷൈസ് എസ്, കൃഷി ഓഫീസർ | കൃഷിഭവൻ, ചിതറ ഗ്രാമപഞ്ചായത്ത് | കാവുവിള ഹൗസ്, വെഞ്ഞാറമ്മൂട് പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | കെ.എസ്.റ്റി.വി.എം.ജി.പി.6/946/2018 തീയതി 17.05.2018 | 1 |
| 2002-03 | | 4 |
| 2003-04 | | 4 |
| 2004-05 | | 4 |
| 2005-06 | | 12 |
| 2006-07 | | 1 |
| 2007-08 | കെ.എസ്.റ്റി.വി.എം.ജി.പി.6/1260/2018 തീയതി 13.06.2018 | 2 |
| 2008-09 | കെ.എസ്.റ്റി.വി.എം.ജി.പി.6/1260/2018 തീയതി 13.06.2018 | 5 |
| 2009-10 | കെ.എസ്.റ്റി.വി.എം.ജി.പി.6/1260/2018 തീയതി 13.06.2018 | 2 |
| 2010-11 | കെ.എസ്.റ്റി.വി.എം.ജി.പി.6/1260/2018 തീയതി 13.06.2018 | 3 |
| 2011-12 | കെ.എസ്.റ്റി.വി.എം.ജി.പി.6/1260/2018 തീയതി 13.06.2018 | 7 |
| 2012-13 | കെ.എസ്.റ്റി.വി.എം.ജി.പി.6/1260/2018 തീയതി 13.06.2018 | 3 |
| 2013-14 | കെ.എസ്.റ്റി.വി.എം.ജി.പി.6/1260/2018 തീയതി 13.06.2018 | 2 |
| 2014-15 | കെ.എസ്.റ്റി.വി.എം.ജി.പി.6/1260/2018 തീയതി 13.06.2018 | 8 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2625/2018 | 12 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2625/2018 | 12 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2625/2018 | 6 |
| 2018-19 | കെ.എസ്എ.റ്റി.വി.എം.ജി.പി.6/900/2020 തീയതി.21.10.20 | 28 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## .ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്